# വയനാട്ടിലെ ബഹുവിധ അടിമ-ഉടമവ്യവഹാരങ്ങൾ: ചരിത്രവും സമൂഹഘടനയും മിത്തുകളുടെ ഇടപെടലും —സമൂഹശാസ്ത്ര വിശകലനം

ഡോ.ഇന്ദു മേനോൻ
ലെക്ചറർ (ആന്ത്രപ്പോളജി & സോഷ്യോളജി), കിർത്താഡ്സ്, കോഴിക്കോട്

## സംഗ്രഹം

അടിമയും അടിമത്തവുമില്ലാതെ ഒരു സമൂഹവും കടന്നു പോയിട്ടില്ല. ജനാധിപത്യത്തിന്റെ വരവോടെ മനുഷ്യാവകാശങ്ങളിലും അന്തസ്സോട് കൂടി ജീവിക്കാനുള്ള അവകാശങ്ങളിലും സർവ്വർക്കും സ്വാതന്ത്ര്യമുണ്ടെന്നിരിക്കെ നവോത്ഥാനകേരളത്തിൽ 1970-കൾക്കിപ്പുറവും അടിമത്തതൊഴിലുകൾ നിലനിന്നിരുന്നുവെന്നത് അത്യധികം ലജ്ജാകരമാണ്. ഈ ലേഖനം വയനാട്ടിലെ ഗോത്രങ്ങൾക്കിടയിൽ നിലനിന്ന അടിമത്തതൊഴിലിനെക്കുറിച്ച് പഠിക്കുന്നു. അടിയ, പണിയ ഗോത്രങ്ങൾ മാത്രമല്ല മറ്റു ഗോത്രങ്ങളും പലമുഖ അടിമത്തത്തെ നേരിടേണ്ടി വന്നിട്ടുണ്ട്. അടിമത്തതൊഴിലുകൾ, അടിയാളത്തങ്ങൾ, കുടിയാളത്തങ്ങൾ എന്നൊക്കെ പറയുമെങ്കിലും യഥാതഥമായ അടിമത്തത്തിന്റെ പ്രവർത്തനം തന്നെയാണിവിടങ്ങളിൽ നടന്നത് എന്നു കാണാം. ഗോത്രങ്ങൾക്കകത്തും സഹഗോത്രങ്ങൾ തമ്മിലുമുള്ള അധികാരത്തിന്റെ ഇടപെടലുകളും സ്തരീകരണങ്ങളും പഠിക്കുന്നതിനോടൊപ്പം പുരാവൃത്തങ്ങളും മറ്റു ആഖ്യായികകളും വിശകലനം ചെയ്യുന്നുമുണ്ട്. 2000 മുതൽ ഇങ്ങോട്ട് പലഘട്ടങ്ങളിലായി വയനാടൻ മേഖലയിൽ നടത്തിയ പലതരം ഗവേഷണത്തിലെ ദത്തങ്ങൾ ഇതിലുപയോഗിച്ചിട്ടുണ്ട്. ചരിത്രരേഖകൾ പരിശോധിക്കുന്നതിനൊപ്പം തന്നെ ഗോത്രങ്ങളുമായി നേരിട്ട് അന്വേഷണം നടത്തി വിവരശേഖരണം പൂർത്തിയാക്കി. എത്നോഹിസ്റ്ററിക്കലായ നരവംശശാസ്ത്രരീതിയാണതിന് അവലംബിച്ചത്.

ഗോത്രങ്ങൾക്കിടയിലെ അടിമത്തത്തിനു ബഹുവിധമായ തലമുണ്ട്. ജാതി ഹിന്ദുത്വവും ഉടമകളും ചേർന്നു നിർമ്മിക്കുന്ന പുരാവൃത്തങ്ങളിലൂടെ വിശ്വാസസംഹിതകളിലൂടെ അടിമത്തം സ്വാഭാവികമായി സമൂഹവും അടിമകളും അംഗീകരിക്കുന്നുവെന്ന് പഠനം തെളിയിക്കുന്നു

**താക്കോൽ വാക്കുകൾ**: അടിമത്തം, അടിമത്തൊഴിൽ, പുരാവൃത്തം, അടിയാളത്തം

മലബാറിലെ ഗോത്ര അടിമക്കച്ചവടത്തിന് എത്ര വർഷത്തോളം പഴക്കമുണ്ടെന്ന് ഒരു ചരിത്രത്തിലും ആരും കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. നീതിനിഷേധത്തിന്റെയും ചൂഷണത്തിന്റെയും ചരിത്രമാണ് 1947 വരെ അതെന്ന് നമുക്ക് വായിക്കാം. ശേഷം ഭരണഘടന എല്ലാ പൗരസ്വാതന്ത്ര്യവും അനുവദിച്ചശേഷവും മനുഷ്യത്വവിരുദ്ധമായ, ക്രൂരമായ ജനാധിപത്യരാഹിത്യത്തിന്റെ ഉദാഹരണമായി, വയനാട്ടിലും നിലമ്പൂരിലും ഗോത്രാടിമത്തം സ്വാഭാവികമായിത്തന്നെ നടത്തിപ്പോന്നു. ഗോത്രങ്ങളുടെ പുരാവൃത്തങ്ങളിലും അനുഷ്ഠാനങ്ങളിലും കഥകളിലും കലകളിലും മറ്റ് ആഖ്യാനങ്ങളിലും അടിമത്തത്തിന്റെ രാഷ്ട്രീയവും ന്യായങ്ങളും ഗോത്രങ്ങൾ സ്വയം നിർമ്മിച്ചും ഉടമകളാൽ നിർമ്മിക്കപ്പെട്ടും തുടർച്ചകൾ തേടി. ഹിന്ദുമതത്തിന്റെ ഇടപെടലോടെ ആദിമതരൂപങ്ങളും ആദിദൈവങ്ങളും ഈ പുരാവൃത്തങ്ങളെ ന്യായീകരിച്ചു. വിശ്വാസത്തിലും ചിന്തയിലും പ്രവർത്തിയിലുമെല്ലാം സ്വാഭാവികമായിത്തന്നെ അടിമയുക്തി നിറയ്ക്കപ്പെട്ടു. അടിമയും ഉടമയും ഒരുപോലെ തന്നെ ഈ വ്യവസ്ഥയെ സ്വീകരിച്ചു.

### പഠനലക്ഷ്യങ്ങൾ (Objectives of the Study)

1. വയനാടൻ ഗോത്രമേഖലയിൽ നിലനിന്നിരുന്ന അടിമത്തം, അടിമത്തതൊഴിലുകൾ എന്നിവയെക്കുറിച്ച് പഠിക്കുക.
2. ഗോത്രങ്ങൾ പരസ്പരം പുലർത്തുന്ന അടിയാണ്മ- ഉടമബന്ധം, അടിമബന്ധം എന്നിവ വിശകലം ചെയ്യുക.
3. ഗോത്രങ്ങളുടെ സാമൂഹികഘടനകൾ പരിശോധിക്കുകയും അവയ്ക്കിടയിലെ അധികാരങ്ങളെക്കുറിച്ചും പഠിക്കുക.
4. പുരാവൃത്തങ്ങൾ, പാട്ടുകൾ എന്നിവവിശകലനം ചെയ്യുക

### പഠനമേഖല (The Research Area)

കേരളത്തിന്റെ ഗോത്രാടിമത്തചരിത്രം വേരൂന്നുന്നത് വ്യത്യസ്തങ്ങളായ ഗോത്രസമുദായങ്ങൾ കാലങ്ങളായി അനുഭവിച്ച പോന്നിരുന്നതും തുടർന്നു പോന്നിട്ടുള്ളതുമായ അടിമത്ത, അടിയാളത്തവ്യവസ്ഥയിലാണ്. ഗോത്രസമുദായത്തിനിടയിലുള്ള അടിമത്തവ്യവഹാരങ്ങളെയും അടിയാളിടതൊഴിലുകളെയും

അറിയുവാനായി വയനാടൻ ഗോത്രബെൽറ്റിലെ സമുദായങ്ങളായ റാവ്ള (അടിയ), പണിയ, ബെട്ടക്കുറുമ, തച്ചനാടൻ, കുറിച്യ, മുള്ളുക്കുറുമ, കാട്ടുനായ്ക്കൻ (തേൻകുറുമ/ ജ്യേനുക്കുറുമ) എന്നീ ഗോത്രങ്ങളുടെ ജീവിതാനുഭവങ്ങളുമായി ബന്ധപ്പെട്ട അടിമത്താവസ്ഥയെക്കുറിച്ച് പഠിക്കുന്നു.

പഠനദേശം (The Research Settings): കേരളത്തിൽ ഏറ്റവും കൂടുതൽ ഗോത്രങ്ങൾ ജനസംഖ്യാപരമായും എണ്ണത്തിലുമുള്ള വയനാടാണ് പഠനത്തിനായി തിരഞ്ഞെടുത്തിരിക്കുന്നത്.

പഠനസമുദായങ്ങൾ (The People) : റാവുളർ, പണിയർ, തച്ചനാടൻ, ബെട്ട ക്കുറുമൻ, മുള്ളുക്കുറുമൻ, കുറിച്യർ, കാട്ടുനായ്ക്കർ എന്നീ ഗോത്രങ്ങൾക്കി ടയിലാണ് പഠനം നടത്തിയത്.

## വയനാട്ടിലെ ഗോത്രഅടിമത്തജീവിതം

അടിമവ്യാപാരവും അടിമക്കൈമാറ്റവും അടിമപ്പണയവും വയനാട്ടിൽ നൂറ്റാ ണ്ടുകളോളം വ്യാപകമായിരുന്നു. എന്നാൽ വയനാട്ടിലെ ഗോത്രങ്ങൾക്കി ടയിലെ ഈ അടിമസമ്പ്രദായം ഒരിക്കലും ഏകശിലാസ്വത്വമായിരുന്നില്ല. (Monolithic entity) പലതലങ്ങളിലും പല മാനങ്ങളിലും അടരടരായി നിന്നിരുന്ന സങ്കീർണ്ണതയായിരുന്നു ഇതിന്റെ പ്രത്യേകത. വയനാട്ടിലെ ഗോത്രങ്ങളെ പരിശോധിച്ചാലും അവയെയും നമുക്ക് ഏകശിലാസ്വത്വമായി കണക്കാക്കുവാൻ കഴിയുകയില്ല. അവരുടെ പദവിയോ സാമൂഹ്യാവസ്ഥയോ വിദ്യാഭ്യാസ-രാഷ്ട്രീയ- സാമ്പത്തികാവസ്ഥയോ ആരോഗ്യാവസ്ഥയോ ജീവിത ചുറ്റുപാടുകളോ തുല്യമായിരുന്നില്ല. ഗോത്രങ്ങൾക്ക് പ്രകൃതിയും ഭൂമിയുമായുള്ള ബന്ധത്തിനടിസ്ഥാനത്തിലും സമൂഹത്തിലെ പദവിയുടെ അടിസ്ഥാനത്തി ലും അവ സമൂഹഘടനയിൽ തട്ടുതട്ടായി സ്തരീകരിക്കപ്പെട്ടു. അധികാരം, അധീശത്വം, ആധിപത്യം, വസ്തുക്കളുടെ മേലുള്ള അധികാരം എന്നിവയൊക്കെ മേൽശ്രേണിയിലുള്ള ഗോത്രങ്ങൾക്ക് ധാരാളമായുണ്ടായിരുന്നു.ഇവയെല്ലാം ശ്രേണിയുടെ കീഴ്ത്തട്ടിൽ നിന്നിരുന്ന ദുർബലഗോത്രങ്ങൾക്കും അതീവദുർബല ഗോത്രങ്ങൾക്കും നിഷേധിക്കപ്പെട്ടു.

ഏക്കറുകണക്കിന് പരമ്പരാഗതഭൂമിയുടെ മേൽ സർവ്വാധികാരങ്ങളു ള്ള കുറിച്യ, മുള്ളുക്കുറുമ ഗോത്രങ്ങളായിരുന്നു ഗോത്രാധികാരശ്രേണിയിൽ മുകളിൽ. വിദ്യാഭ്യാസം, സർക്കാർ ജോലികളിലെ പ്രാതിനിധ്യം, രാഷ്ട്രീയ പ്രക്രിയയിലെ പങ്കാളിത്തം എന്നിവയിലെല്ലാം ഈ ഗോത്രാംഗങ്ങൾ മുൻ നിരയിലെത്തി. ഒരുപാട് പടികൾക്ക് താഴെയായി ആർട്ടിസാൻ ഗോത്രമായ

ബെട്ടക്കുറുമൻ. കാടർ എന്നിവരും അതിനുതാഴെയായി അടിയൻ/റാവുളർ, തച്ചനാടന്മൂപ്പൻ, പണിയൻ, കാട്ടുനായ്ക്കൻ, ചോലനായ്ക്കൻ എന്നീ ഗോത്രങ്ങളും ചേർന്ന് ആ ശ്രേണി സ്വീകരിച്ചു തന്നെ നിന്നു.

കുറിച്യരും മുള്ളക്കുറുമരും വളരെ മുൻപുതന്നെ ഗോത്രമതത്തോടൊപ്പം ഹിന്ദുമതത്തെയും സ്വാംശീകരിച്ചിരുന്നു. ഒപ്പം സവർണ്ണ ഹൈന്ദവികതയുടെ ചിഹ്നങ്ങളായ അയിത്തം, തീണ്ടൽ, തൊടീൽ,വാലായ്മ, ഭക്ഷണശുദ്ധി, വംശശുദ്ധി,ഭ്രഷ്ടുകൾ, മറ്റുചിട്ടകൾ എന്നിവയും അവർ സംസ്കൃതവത്കരണത്തോടൊപ്പം സ്വായത്തമാക്കി. ഗോത്രദൈവങ്ങൾ ഹിന്ദുദൈവങ്ങളായി യൂണിവേർസലൈസ് ചെയ്യപ്പെട്ടു. മലക്കാരി,ആരിവില്ലി,കരിവില്ലി, മലങ്കരിയാത്തൻ ,പാക്കത്തെയ്യം, ശൂവാനി ഒക്കെ ശിവനായി മാറി. വെള്ളക്കേലിയപ്പൻ വിരാട് പുരുഷനായി. ബാത്തൻ കല്യാർ, ബൊട്ടണൻ കെല്ല്യാർ, വൈണട്ടൻ കെല്ലിയാർ ത്രിമൂർത്തികളായി.ക്ർങ്കാലി, കുട്ടത്തമ്മ, മാറി കാളിയായി. മഞ്ഞളാം പോതി പാർവ്വതിയായി. ബശുവപ്പൻ നന്ദിയായി. ഗോത്ര വിശുദ്ധയിടങ്ങൾ ഹിന്ദുക്ഷേത്രങ്ങളായി. മദ്പ്പെരകൾ , ബെട്ടക്കുറുബ അമ്പാളകൾ, മൺഗൈകൾ, തച്ച്നാടൻ മഡ്ഡോപങ്ങൾ അമ്പലങ്ങളായി. ഗോത്രാചാരങ്ങളും ഉത്സവങ്ങളും നിർത്തലാക്കി.ഉച്ച്കാർ ശിവരാത്രിയായി.

കുറിച്യന്മാർ സ്വയം തങ്ങളെ മലനമ്പൂതിരിമാരായും മലനായന്മാരായും, കരിനായന്മാരായും പയച്ചി[1]യുടെ അടിയാളനായന്മാരായും വിവക്ഷിച്ചു. ഉന്നതകുലജാതരായതിനാൽ സഗോത്രവിവാഹം ശക്തമായി പാലിച്ചു. ആചാരങ്ങൾ, മുറകൾ തെറ്റിക്കുന്നവരെ ഗോത്രത്തിൽ നിന്നും ഭ്രഷ്ട് കൽപ്പിച്ച് പുറത്താക്കി.

മുള്ളുക്കുറുമരുടെ രീതിയും ഇപ്രകാരം തന്നെയായിരുന്നു. ഹിന്ദുമതത്തിന്റേതായ സവർണ്ണജീവിതചര്യകൾ അവർ എളുപ്പത്തിൽ സ്വാംശീകരിച്ചു. “പുലയർ, അടിയർ ,പണിയർ, നായിക്കൻമാർ തുടങ്ങിയ ആദിവാസികൾ കുറിച്യർ സഞ്ചരിക്കുന്ന വഴിയിലൂടെ അവർക്കഭിമുഖമായി വന്നാൽ അവർഓടിമറയും-തീണ്ടാപ്പാടകലം വരെ. എന്നാൽ കാടർ വന്നാൽ ഓടിമറയുന്നില്ല. അവരുമായി സംസാരിക്കുകയും ചെയ്യും. പക്ഷെ അവരും തൊടാൻ പാടില്ല. സ്പർശിച്ചാൽതീണ്ടപ്പെടുന്നു.”[2] ശുദ്ധി/അശുദ്ധിസങ്കൽപ്പത്തോട് അനുബന്ധിച്ച് തീണ്ടൽ, തൊടീൽ ശുദ്ധീകരണപ്രക്രിയ എന്നിവയൊക്കെ ഹിന്ദു മതത്തിന്റേതായ പ്രത്യേകതകൾ ആണ്. ഗോത്രങ്ങൾക്കിടയിൽ ഇത്തരം അസ്പൃശ്യത ഇല്ല തന്നെ.

ഇവിടെ ട്രൈബ്-കാസ്റ്റ് കന്റിന്യൂം എന്ന് നരവംശശാസ്ത്രജ്ഞനായ

ബെയിലി പറയുന്ന പ്രക്രിയാവാദം കുറിച്യ-മുള്ളുക്കുറുമ ഗോത്രങ്ങൾക്ക് ബാധകമാണെന്ന് കാണാം.ഗോത്രമായി നിലനിൽക്കെത്തന്നെ പൂർണ്ണമായും ഹിന്ദുമതത്തിലേക്ക് ചേർന്നുനിൽക്കുകയും ജാതിയെപ്പോലെ പ്രവർത്തിക്കുകയും ചെയ്യുകയാണ് ട്രൈബ്-കാസ്റ്റ് കൻടിന്യം. ഗോത്രങ്ങളിൽ സാധാരണ കാണുന്ന സഹഗോത്രതുല്യതഈ ഗോത്രങ്ങൾ പൊതുവെ കാണിക്കാറില്ല. ഗോത്രങ്ങളുടെ സ്വഭാവസവിശേഷതയ്ക്കൊപ്പം തന്നെ അവ ജാതി ഹിന്ദുക്കളെപ്പോലെയുള്ള ജാത്യാചാരങ്ങൾ കാണിക്കുന്നു. അസ്പൃശ്യതയും മറ്റു ഗോത്രങ്ങൾക്കും ജാതികൾക്കും മേലെ അധീശത്വവും കാണിക്കുന്നു.

### ഗോത്രഅടിമകളുടെ ഉടമജാതികൾ

മലകയറിച്ചെന്ന നായർമാർ, നമ്പ്യാർമാർ, മലയാളി ബ്രാഹ്മണരായ നമ്പൂതിരിമാർ, എംപ്രാശ്ശന്മാർ, പോറ്റിമാർ അമ്പലവാസികളായ മാരാർ, വാര്യർ, നമ്പീശന്മാർ, കർണ്ണാടകയിൽ നിന്നും കുടിയേറിയ ജൈനന്മാരായ കൗണ്ടർമാർ, തമിഴ്നാട്ടിലെ ധാരാപുരത്തു നിന്നുവന്ന വയനാടൻ, ഇടനാടൻ, മൗണ്ടാടൻ ചെട്ടിമാർ, പട്ടൻമാർ, നിലമ്പൂർ രാജവംശം എന്നിങ്ങനെയുള്ള ഭൂവുടമകളും ബ്രിട്ടീഷുകാരുമായിരുന്നു ആദ്യകാലത്തെ പുറമെനിന്നുള്ള ഉടമ പ്രമുഖർ. പിന്നീട് കുടിയേറ്റകാലത്ത് കുടിയേറിയ ക്രൈസ്തവരും ഈഴവരും മാപ്പിളമാരും ഗോത്രങ്ങളെ പൂർണ്ണ അടിമകളാക്കുകയോ അടിമത്തൊഴിലാളികളാക്കുകയോ ചെയ്തു. പ്രധാന ജന്മിമാർ നിലമ്പൂർരാജ, അത്തിക്കോട്ട് നായർ, എടച്ചനനായർ, വെങ്ങപ്പള്ളിഇടക്കാർ, ചോലപ്പുറത്ത്മഠക്കാർ, കൊയപ്പത്തൊടിമുസ്ലിംങ്ങൾ, പിണങ്ങോട്ട്അറയിൽകാർ, പുതിയേടത്തുകാർ എന്നിവരാണ്. ബെള്ളൂരമ്മയെക്കുറിച്ചുള്ള റാവുളരുടെ ഗാനസാഹിത്യത്തിൽ ബേമോത്ത് നമ്പ്യാർ[3] ,കൊളങ്ങര നായർ, പട്ടിനട്ടേരി പട്ടന്മാർ[4], നടബയലു പട്ടൻമാർ, നമ്പിടി[5] എന്നിവർ ഊരായ്മക്കാരാണെന്നു പ്രതിപാദിക്കുന്നു.

### ഗോത്രഅടിമകളുടെ ഉടമഗോത്രങ്ങൾ

ഗോത്രങ്ങൾക്കിടയിലും ഈ അടിമയുടമപാരസ്പര്യം ശക്തമായി നിലനിന്നുപോന്നിരുന്നു. കുറിച്യരും കുറുമരുംറാവുളർ,പണിയർ,വയനാട് കാടർ,കാട്ടുനായ്ക്കർ,ബെട്ടക്കുറുമർ എന്നിവർക്കു മേലെ അധികാരം പ്രയോഗിച്ചു. അവരുടെ ഭൂമിയിലെ കൃഷിപ്പണിയ്ക്കും മാട് പണിയ്ക്കും കാട്ടുപണിയ്ക്കും ധാരാളമായി അടിത്തട്ടിലെ ശ്രേണിയിലെ ഗോത്രങ്ങളെ ഉപയോഗിച്ചു. പൂർണ്ണമായ അടിമകളായോ, അടിയാളൻമാരായോ, ഊരാളന്മാരായോ തങ്ങളുടെ ഭൃത്യജോലികളും മറ്റു വയൽപ്പണികളും അടിമബന്ധം സ്ഥാപിച്ചുകൊണ്ടുതന്നെ നടപ്പിലാക്കി.

അന്യജാതിക്കാരായ ജന്മിമാരുടെ അതേ സ്വഭാവങ്ങളും രീതികളുമാണ് ഈ ഗോത്രങ്ങളും കാണിച്ചിരുന്നത്.

### പലമാനങ്ങളുംതലങ്ങളുമുള്ള അടിമത്തം

വയനാട്ടിലെ ഗോത്രങ്ങൾക്കിടയിൽ അടിമത്തം ബാഹ്യമായി മാത്രമല്ല ആന്തരികമായും നിലനിൽക്കുന്നു. പുറമെനിന്നുള്ള ജാതിഹിന്ദുക്കളുടെയും ജൈനരുടെയും ചെട്ടിമാരുടെയും അടിയാളരായോ ഊരാളരായോ കുടിയാനായോ അടിമകളായോ നിലനിൽക്കുമ്പോൾതന്നെ തങ്ങളുടെ സഹഗോത്രങ്ങളുമായി മറ്റൊരുതരത്തിൽ ഒരു അധീശത്വ ബന്ധം പുലർത്തുകയും ആ ഗോത്രങ്ങളെ അടിമകളാക്കുകയും ചെയ്യുന്നതായിക്കാണാം. മറ്റൊന്ന് ഗോത്രത്തിന്റെ ഉള്ളിൽത്തന്നെയുള്ള അധീശത്വബന്ധങ്ങളാണ്. മോയിറ്റി, ഫ്രാറ്ററി, ക്ലാൻ, ലിനേയ്ജ് എന്നീ സാമൂഹ്യഘടനകളിലും അധികാരം സൂക്ഷ്മമായി പ്രവർത്തിക്കുന്നതായിക്കാണാം. വിഭിന്നതലത്തിൽ ആന്തരികമായും ബാഹ്യമായും ഈ അധികാരം ഗോത്രങ്ങളെ സ്വാധീനിക്കുന്നു. അധികാരം മുകൾത്തട്ടിലും സമതട്ടിലും താഴെത്തട്ടിലുമായി കൃത്യമായി പ്രവർത്തിക്കുന്നുണ്ട്.

### സമതട്ടിന്റെ വിഭജനം

സമതട്ട് എന്നതിൽ ഒരു ഗോത്രത്തെത്തന്നെയാണുദ്ദേശിക്കുന്നത്. ഒരു ഗോത്രത്തിന്റെ ഉള്ളിൽത്തന്നെയുള്ള സാമൂഹ്യഘടന പരിശോധിച്ചാൽ അത് പലതായി വിഭജിക്കപ്പെട്ടതായിക്കാണാം. ഒരു കുടുംബം തന്നെ വികാസം പ്രാപിച്ച് രക്തബന്ധത്തിനടിസ്ഥാനത്തിൽ ഒരു പൂർവികകൈവഴിയിലെ തുടർച്ച എന്ന രീതിയിൽ ഒരു വംശപരമ്പരയെ സൃഷ്ടിക്കുന്നു. ഇതിനെ നമുക്ക് താവഴി (Lineage) എന്നു വിളിക്കാം. ഈ താവഴികൾ വംശപരമ്പരയിൽ മുകളിലേയ്ക്ക് പോകുമ്പോൾ ഒരു പൂർവ്വികനിൽ എത്തി നിൽക്കുന്നതായിട്ട് കാണാം. പലതാവഴിവേരുകൾ ചേർന്നുണ്ടാകുന്ന പിരിവിനെ കുലം(Clan) എന്നു വിളിക്കുന്നു. ഇത്തരത്തിൽ നിരവധികുലങ്ങൾ ഉണ്ടായിരിക്കും. കുലങ്ങൾ തമ്മിൽ രക്തബന്ധവും പൂർവ്വികബന്ധവുമുണ്ടെന്നാണ് വിശ്വാസം.ഒരു കുലത്തിനകത്തുള്ളവർസഹോദരി സഹോദരന്മാരായതിനാൽ വിവാഹബന്ധം നിഷിദ്ധമാണ് (exogamy).കുലങ്ങൾ പരസ്പര സഹോദരീകുലങ്ങളായി (Sister Clan) കണക്കാക്കപ്പെടുന്നെങ്കിൽ അവിടെയും സഗോത്രവിവാഹം സാധ്യമല്ല. കുലങ്ങൾ പലത് ചേർന്ന് ഫ്രാറ്ററികൾ (Phratery) രൂപപ്പെടുന്നു. സഹോദരഫ്രാറ്ററികൾ രക്തബന്ധമുള്ളവരാണെന്നു കരുതപ്പെടുന്നു.

സഗോത്രവിവാഹം വിലക്കുകയുംചെയ്യുന്നു. പലഫ്രാറ്ററികൾ ചേർന്ന് ഒരു ഗോത്രം ഉണ്ടാകുന്നു. ചിലസന്ദർഭങ്ങളിൽ ഗോത്രങ്ങൾ കൃത്യമായി രണ്ട് ഫ്രാറ്ററികൾ ആയി വിഭജിക്കപ്പെടുന്നുണ്ട്. ഇത്തരം പാതിവിഭജനത്തെ മോയിറ്റി(Moiety)എന്ന് വിളിക്കുന്നു. മോയിറ്റികൾക്കകത്തെ കുലങ്ങൾ സോദരരായികണക്കാക്കപ്പെടുന്നു.

സങ്കീർണ്ണമായ ഈ വിഭജനങ്ങൾക്കുള്ളിലും അധികാരം പ്രവർത്തിക്കുന്നു. സമതട്ടിൽ തന്നെ പ്രവർത്തിക്കുന്ന ഈ അധികാരം തട്ടിനെ വീണ്ടും വീണ്ടും സ്തരീകരിക്കുകയും അതിലും ഉയർച്ചതാഴ്ചകൾ നിർവ്വചിക്കുകയും ചെയ്യുന്നു. ചില മോയിറ്റികൾ ഉന്നതമായി കണക്കാക്കപ്പെടുന്നു. ഫ്രാറ്ററികളും അതെ. ചില ക്ലാനുകൾക്കും ഗോത്രം സവിശേഷമായ അധികാരം നൽകിയിരിക്കുന്നു. അതുപോലെ തന്നെയാണ് ചില താവഴികളും. അധികാരവും പദവിയും ലഭിക്കുന്ന ഇത്തരം ചാർച്ചാക്കൂട്ടങ്ങൾ ഗോത്രത്തിന്റെ ഉള്ളിൽത്തന്നെ ആന്തരികമായ അധികാരങ്ങളെ പ്രസരിപ്പിക്കുകയും മറ്റു സംഘങ്ങളെ തങ്ങളുടെ ആവശ്യങ്ങൾക്കായി ഉപയോഗിക്കുകയും ചെയ്യുന്നു. അടിമത്തം എന്നു വിളിക്കാനാകില്ലെങ്കിലും ജനാധിപത്യരഹിതമായ അധികാരം ഉപയോഗിച്ച് തങ്ങളാൽ താണവരെ അടിയാളരാക്കുന്നതായിട്ടു കാണാനാകും.

സൂക്ഷ്മമായിപരിശോധിച്ചാൽ ഗോത്രങ്ങൾ സ്വയംതന്നെ അധികാരശ്രേണിയെ തങ്ങൾക്കിടയിൽ വളർത്തുകയും അതിൽ ജീവിക്കുകയും ആഹ്ളാദിക്കുകയും ചെയ്യുന്നുണ്ട്.

## തിയററ്റിക്കൽ ബാക്ക്ഗ്രൗണ്ട്

എറിക്ഫോം തന്റെ മനഃശാസ്ത്രവിശകലനത്തിൽ ഫ്രോയിഡിയൻ സിദ്ധാന്തം ഉപയോഗിച്ച് മനുഷ്യരുടെ അടിമ മനോനിലയെ അപഗ്രഥിക്കുന്നുണ്ട്. വ്യാവസായികമുതലാളിത്തത്തിൽ മനുഷ്യർ അടിമകളെപ്പോലെ മുതലാളിത്തത്തിനു കീഴടങ്ങി ജീവിക്കുന്നതിനു കാരണമായി പടിയാർക്കിന്റെ സ്ഥാനത്തിനു സംഭവിക്കുന്ന ചലനവും പ്രതിസന്ധിയുമാണ് കാരണമെന്ന് അദ്ദേഹം കണ്ടെത്തി. കുടുംബത്തിൽ പുതിയ തലമുറക്ക് മാതൃകയും ഊർജ്ജവും ആത്മവിശ്വാസവും നൽകുന്നത് സുശക്തനായ ഈ കാരണവർ ആണ്. വ്യക്തിത്വവികാസത്തിന് ശക്തമായ പിന്തുണ നൽകുന്ന ഈ കാരണവർ എന്ന നില വ്യാവസായികമുതലാളിത്തം തകർക്കുകയുണ്ടായി. കുടുംബത്തലവന്റെ അപ്രമാദിത്വം ഇല്ലാതെയായി. യുവജനങ്ങൾക്കുള്ള മാതൃകയും ഇല്ലാതെയായി. അധികാരത്തെ ഉപയോഗിക്കുകയും പ്രയോഗിക്കുകയും ചെയ്യുന്ന ഒരു ഉത്തമമാതൃകയ്ക്ക് ബദലായി അധികാരത്തോട് സമരസപ്പെടുന്ന ഒരു തലവന്റെ സാന്നിദ്ധ്യം

പുതിയതലമുറയെ സ്വാധീനിച്ചു. സ്റ്റേറ്റ്ക്യാപ്പിറ്റലിസത്തിന്റെ വരവോടെ ദുർബലമായ പുതുതലമുറയുടെ വ്യക്തിത്വത്തെ എളുപ്പത്തിൽ ആർക്കും സ്വാധീനിക്കാം എന്ന ഫ്രെയിം കണ്ടെത്തി. അധികാരത്തോട് വിധേയത്വം പുലർത്തുക സ്വാഭാവികമായിത്തീർന്നു. എളുപ്പത്തിൽ മുതലാളിത്തത്തിന്റെ പരമാധികാരത്തെ അവർ സ്വീകരിക്കുകയും അതിൽ അടിമ മനോനില യോടെ ജീവിക്കുകയും ചെയ്തു.

ഗോത്രങ്ങളുടെ കാര്യത്തിലും ഇതു തന്നെയാണ് സംഭവിക്കുന്നത്. ഗോത്ര ത്തിന്റെ അകത്തു തന്നെയുള്ള സ്തരീകരണം അധികാരത്തെ പലതട്ടായി വിഭജിക്കുന്നു. മേൽത്തട്ടിലെ അംഗങ്ങൾക്ക് വഴക്കപ്പെട്ടും വിധേയപ്പെട്ടുമാ യിരിക്കും കീഴ്ത്തട്ടംഗങ്ങൾ ജീവിക്കുക. ഗോത്രത്തിനകത്തെ വിശ്വാസങ്ങളും ആചാരങ്ങളും ഈ അധികാരത്തെ അനുസരിക്കാൻ വേണ്ടി പുതുതലമുറയെ തയ്യാറെടുപ്പിക്കുന്നു.ഒരു കുട്ടിയുടെ ജനനം മുതൽ തുടരുന്ന സാമൂഹ്യവത്കരണ ത്തിൽ ഗോത്രവിശ്വാസങ്ങളും മതചിന്തകളും ഈ അടിമമനോനിലയെ ഊട്ടി യുറപ്പിക്കുന്ന രീതിയിൽ മനുഷ്യരെ പരിവർത്തനപ്പെടുത്തുന്നു. ആന്തരികമായി അനുഭവിക്കുന്ന ഈ അടിമത്തം ഗോത്രത്തിനു പുറത്തുള്ള മറ്റു ഗോത്രങ്ങളെ അനുസരിക്കാനോ അനുസരിപ്പിക്കാനോ ഉള്ള നവവഴിയുണ്ടാക്കുന്നു.

ഭൂമി, പ്രകൃതി എന്നിവയുടെ വിതരണാവകാശവുമായി ചേർന്നു വേണം ഗോത്ര അടിമത്തത്തെ അറിയുവാൻ. ആദ്യകാലങ്ങളിലെ വനവിഭവശേഖരണ വും വേട്ടയുമായി നടന്നിരുന്ന സമൂഹങ്ങളിൽ അടിമവേലകളോ തൊഴിലുകളോ ഉണ്ടായിരുന്നില്ല. അവ പിന്നീട് ഭൂമിയുടെ ഉടമസ്ഥത, സുസ്ഥിരകൃഷി എന്നിവ വരുന്നതോടെയാണ് പതിയെ അടിമത്തം ആരംഭിക്കുന്നത്. കൊച്ചിയിലെ കാടർ, നിലമ്പൂരിലെ പതിനായ്ക്കർ, ചോലനായ്ക്കർ അട്ടപ്പാടിയിലെ കുറുമ്പർ എന്നിവർ ഇത്തരം അടിമജോലികളിലോ അടിമസ്വഭാവമുള്ള നിർബന്ധിത കരാർ തൊഴിലുകളിലോ പൊതുവെ ഏർപ്പെടാറില്ല. എന്നാൽ ഇക്കാലത്ത് മുൻകൂർ പണം നൽകുകയോ ലഹരി വസ്തുക്കൾ നൽകുകയോ കടയിൽ നിന്നും സാധന സാമഗ്രികൾ നൽകുകയോ ചെയ്തതിനുശേഷം വനവിഭവശേഖരണ ത്തെ സംബന്ധിച്ച് കരാർ ഉണ്ടാക്കുന്നു. ഒരു മാസം 2 ലിറ്റർ വെളിച്ചെണ്ണയും 5ലിറ്റർ മണ്ണെണ്ണയും വാങ്ങി എന്നിരിക്കട്ടെ ബദലായി 7 ലിറ്റർ തേൻ കൊടുക്ക ണമെന്നാണ് നിഷ്കർഷ. തേൻ ശേഖരിക്കാൻ പോകുമ്പോഴേയ്ക്കും കടക്കാരനു നൽകേണ്ടുന്ന കടം വളരെ കൂടുതൽ ആയിരിക്കും. നിലമ്പൂരിലെ പതിനായ്ക്ക രിലെ ഒരു തേൻ വേട്ടക്കാരൻ 6 മാസം കൂടുമ്പോൾ 30കിലൊയോളം തേൻ കടക്കാരനു നൽകാൻ നിർബന്ധിതനാവാറുണ്ട്. മുൻകൂർ വായ്പ വാങ്ങിയാലും

ഇതുതന്നെ അവസ്ഥ. ഇപ്രകാരത്തിൽ വനവിഭവശേഖരണവും പലപ്പോഴും മുൻകൂട്ടി നിർണയിക്കുന്ന ഒരു നിർബന്ധിത തൊഴിൽരീതിയായി ഗോത്രങ്ങൾക്കിടയിൽ നിലനിൽക്കുന്നു. “1977 -ൽ തന്നെ അട്ടപ്പാടിയിൽ ഈ ചൂഷണം നിലനിന്നിരുന്നു. ശേഖരിക്കുന്ന വനവിഭവങ്ങൾക്ക് മീതെ പൂർവ്വക്രയാധികാരം സ്ഥാപിക്കുക. ചിലഗൈ എന്നാണിത് അറിയപ്പെടുന്നത്. സംരക്ഷിതവനങ്ങൾക്കുള്ളിലാണ് കുറുംബരുടെ ഭൂമിയെന്നതിനാൽ ജന്മിമാർക്ക് ഇടപെടൽ എളുപ്പമായിരുന്നില്ല. ഭൂമിയെ കൈവശപ്പെടുത്താനോ പണയം നൽകാനോ സാധിച്ചുമില്ല. കുറുംബർക്ക് മുൻകൂറായി ധാന്യങ്ങൾ നൽകി അവരുടെ വനവിഭവങ്ങളും കൃഷിയുത്പന്നങ്ങളും കരാറാക്കി വയ്ക്കുന്നു.കുറുംബർക്ക് മാർക്കറ്റ് വിലയെക്കുറിച്ച് യാതൊരു ധാരണയും ഇല്ല .വാങ്ങിയ ധാന്യങ്ങളെപ്പറ്റിയോ കൊടുക്കുന്ന വിഭവങ്ങളെപ്പറ്റിയോ അറിവില്ലാത്തതിനാൽ ചതിയ്ക്കുവാനും ചൂഷണം ചെയ്യുവാനും ഏറെ എളുപ്പമാണ്.”6

## അടിമത്തത്തിന്റെ തരം

പലതലങ്ങളിൽ അടിമത്തം പ്രവർത്തിക്കുന്നുണ്ട്. ആദ്യകാലങ്ങളിൽ സമ്പൂർണ്ണ അടിമത്തമായിരുന്നു. അത് നിയമം മൂലം നിരോധിക്കാനായി ഗവൺമെന്റ് ശ്രമിക്കുകയുണ്ടായി. 1843-ൽ മലബാറിലും 1853-ൽ തിരുവിതാംകൂറിലും 1854-ൽ കൊച്ചിയിലും അടിമത്തം നിരോധിച്ചു.മലബാറിൽ അക്കാലത്ത് 15,9000, തിരുവിതാംകൂറിൽ 98,9740 , കൊച്ചിയിൽ 32,668 അടിമകൾ ഉണ്ടെന്നു കണക്കുകൾ സൂചിപ്പിക്കുന്നു. അന്നു സർക്കാരിന്റെ കീഴിലുമുണ്ടായിരുന്നത്രെ അടിമകൾ[7]. ജമ്മഅടിമ,കാണ അടിമ,പാട്ടഅടിമ.മൂന്നുതരം അടിമകൾനിലനിന്നിരുന്നു.

> ജമ്മ അടിമ: ജമ്മ അടിമ അഥവാ ജൻമഅടിമ പേരു പോലെ തന്നെ ജന്മംകൊണ്ടേ പൂർണ്ണമായും അടിമയായിത്തീർന്നവരാണ്. മാതാപിതാവഴിയിലെ മുഴുവൻ പിതാമഹന്മാരും അടിമവംശക്കാരായതിനാൽ പിറവിക്കു മുമ്പേ കുഞ്ഞിന്റെ അടിമപദവി നിർണ്ണയിക്കപ്പെടുന്നു. ഒരു ജന്മികുടുംബത്തോട് ചേർക്കപ്പെട്ട രീതിയിലായിരിക്കും അടിമയുടെ ജീവിതം. അടിമയുടെ മീതെ ഉടമക്ക് അപരിമിതവും നിരുപാധികവുമായ സർവ്വാധികാരം ഉണ്ടായിരിക്കും. അടിക്കാനും ദേഹോപദ്രവമേൽപ്പിക്കാനും ഭക്ഷണം, മറ്റുകാര്യങ്ങൾ നിഷേധിക്കാനും സാധിക്കും. ജമ്മ അടിമ പൂർണ്ണമായും ഉടമയുടെ ചരക്ക് പോലെയായിരുന്നു. ജന്മാധികാര അടിമയെ ഒരിക്കൽ വിറ്റുകളഞ്ഞാൽ പിന്നീട് ആദ്യ ജന്മിക്ക് അടിമയുടെ മേൽ അധികാരം ഉണ്ടായിരിക്കു

കയില്ല."മാനന്തവാടിയിലെ ഒരു ജന്മി കുടിയേറ്റ ക്രിസ്ത്യാനിയ്ക്ക് സ്ഥലം വിൽപ്പന ചെയ്ത ആധാരവ്യവസ്ഥയിൽ 400 ഏക്കർ സ്ഥലവും 60 ആദിവാസികുടുംബവും എന്നെഴുതിയതായി കെ.ജെ. ബേബി പറയുന്നു."[8]

കാണഅടിമ: ഒരു ജന്മാടിമ അയാളുടെ ജന്മിയുടെ താത്പര്യാനുസരണം മറ്റൊരു വ്യക്തിക്കായി പണയം വെയ്ക്കപ്പെടുന്നു. ജന്മിക്ക് കൂടുതൽ അടിമകൾ ഉള്ളപ്പോഴോ സുഹൃത്തുക്കൾക്ക് ആവശ്യമുള്ളപ്പോഴൊക്കെ ഗോത്രാംഗങ്ങളെ ചരക്കുപോലെ വ്യാപാരം ചെയ്തുവെന്നു വേണം മനസ്സിലാക്കാൻ. അടിമക്ക് നൽകുന്ന കൂലിയുടെ മൂന്നിൽ രണ്ട് ഭാഗം ജന്മിക്ക് കാണക്കാരൻ നൽകേണ്ടതുണ്ട്. വീണ്ടും അടുത്തവർഷവും പണയമനുഷ്യനെ ആവശ്യമെങ്കിൽ പുതുക്കാവുന്നതാണ്. ഇതിനായി വർഷാവർഷം പ്രത്യേകം നെല്ലും അരിയും കാണക്കാരൻ ജന്മിക്കു നൽകുന്നു. "കൈപ്പാടൻ എന്ന പണിയനെ സുബ്ബരായപ്പട്ടർ എട്ടണയ്ക്ക് പണയം വെച്ചതിന്റെ രേഖകൾ തുക്കിടി മുൻസിഫ് രേഖകൾക്കൊപ്പം കാണാവുന്നതാണ്."[9]

പാട്ട അടിമ: ഒരു അടിമയെ മറ്റൊരാൾക്ക് ചെറിയസമയത്തേക്ക് പാട്ടത്തിനു നൽകുന്നു. ഒരു കൃഷിക്കാലത്തേക്കോ പ്രത്യേക പണിയ്ക്കോ പ്രത്യേക സമയത്തേയ്ക്കോ മാത്രമായാണ് പാട്ടാടിമകൾ. ഇത് അടിമത്തത്തിന്റെ വ്യാപ്തിയെ ഇരട്ടിപ്പിച്ചു. പുലർച്ചെ 4 മണിക്ക് തുടങ്ങുന്ന പാട്ടക്കാരന്റെ ജോലിക്കുശേഷം ജന്മിക്കുവേണ്ടിയും ജോലി ചെയ്യേണ്ടിവന്നു. ഇതവരുടെ ആരോഗ്യത്തെ സാരമായി തന്നെ ബാധിച്ചു.[10]

അടിമത്തതൊഴിൽ: ബ്രിട്ടീഷുകാരുടെ വരവോടെ സമ്പൂർണ്ണമായ അടിമത്തത്തിൽ ചില മാറ്റങ്ങൾ ഉണ്ടായി. ഒരുതരത്തിലുള്ള അടിമത്തതൊഴിലായി മാറിയത്. കരാറിനടിസ്ഥാനത്തിൽ മുൻകൂറായി പണം വാങ്ങിയോ അല്ലാതെയോ ഉള്ള ഒന്നായിരുന്നു ഇത്. വയനാട്ടിൽ റാവുളർ, പണിയർ, തച്ചനാടൻ മൂപ്പൻ, ബെട്ടക്കുറുമർ എന്നീ ഗോത്രങ്ങൾ ഇത്തരത്തിലുള്ള ബലാൽക്കരാർ തൊഴിലിൽ ഏർപ്പെട്ടു.

അടിയാളത്തവും അടിയാളത്തതൊഴിലുകളും: സാമൂഹികമോ ദൈവികമോ ആചാരപരമോ ആയ കാരണങ്ങളാൽ ഒരു സമുദായം മറ്റൊരു സമുദായത്തിനു അടിയാളരായി നിൽക്കേണ്ടുന്ന അവസ്ഥയാണിത്. പരിപൂർണ്ണ അടിമത്തമോ അടിമത്ത തൊഴിലോ അല്ല. പക്ഷെ പ്രകടമായ രീതിയിൽ പ്രബലമായ സമുദായം (dominant caste/tribe) മറ്റുസമുദായത്തെ സ്വാധീനിക്കുകയും വരുതിയ്ക്ക് നിർത്തുകയും ചെയ്തു. ഉദാ: കുറിച്യർഗോത്രത്തിനു നായർ

സമുദായവുമായുള്ള ബന്ധം. കുറിച്യർ ഗോത്രകുലത്തിനകത്ത് ഒന്നാംകൂറു മൂന്നാംകൂറ് ബന്ധങ്ങൾ. മുള്ളക്കുറുമർ തേങ്കുറുമനും ബെട്ടക്കുറുമനുമായി ഉണ്ടാക്കിയ ബന്ധം.

## വിവിധതരം അടിമത്ത/അടിയാളത്ത തൊഴിലുകൾ:

### 1. കുണ്ടപ്പണി/കുണ്ടൽപ്പണി/കുണ്ടവേല

സമൂഹത്തിലെ ഏറ്റവും മ്ളേച്ഛമായ ജോലികളെയാണ് കുണ്ടൽപ്പണിയെന്നതു കൊണ്ട് അർത്ഥമാക്കുന്നത്. അടിമത്തൊഴിലാളികളെ സംബന്ധിച്ചാകുമ്പോൾ എല്ലാത്തരം ജോലികളും ചെയ്യേണ്ടി വരികയും കുറഞ്ഞപ്രതിഫലം ലഭിക്കുകയോ ലഭിക്കാതിരിക്കുകയോ ചെയ്യും. അടിമത്തതൊഴിലുകളെ വയനാട്ടിൽ പൊതുവെ കുണ്ടൽപ്പണിയെന്നു വിളിക്കുന്നു. കുണ്ടൽപ്പണിക്കും കൂലി നെല്ല് തന്നെയായിരിക്കും. പാപ്പൻ എന്നു വിളിക്കുന്ന നായർജന്മി ആണടിമക്ക് രണ്ടര സേറും[11] പെണ്ണടിമക്ക് ഒരു സേറുമാണ് നെല്ലളന്നു കൂലിയായി നൽകുക. അടിയരും പണിയരും തച്ചനാടനും കാടരും ഇത് ഏറെ ചെയ്തിട്ടുണ്ട്.

### 2. ബെല്ലിപ്പണി/ബല്ലിപ്പണി/വല്ലിപ്പണി

വല്ലിയെന്നാൽ നെല്ലാണ്. പല അടിമത്തജോലികളുടെയും കൂലി തുച്ഛമാണ്. അതാകട്ടെ നെല്ലായിട്ടാണ് പലപ്പോഴും നൽകുക. അന്നന്നുതന്നെ നൽകുന്ന രീതിയും മുൻകൂറായും പിൻകൂറായും നൽകുന്ന രീതിയും ഉണ്ടായിരുന്നു. പക്ഷെ ഈ വേതനവ്യവസ്ഥക്ക് ന്യായമോ നീതിയോ നെറിയോ ഉണ്ടായിരുന്നില്ല. പുരുഷന്മാർക്ക് രണ്ട് സേർ നെല്ലും സ്ത്രീകൾക്ക് ഒരു സേർ നെല്ലും കൂലിയായി കിട്ടും[12]. കൃഷിയിടങ്ങൾ ഉണ്ടാക്കാൻ കാട് കൊത്തൽ, കരിക്കൽ,പൂണ്ടങ്കിള, വിത്തുപാകൽ, ഞാറുപറി, ഞാറു നടൽ, കളപറിക്കൽ, കൊയ്ത്ത്, ഒക്കൽ, എന്നിങ്ങനെ വയൽപ്പണിയുണ്ടാകും. തോട്ടപ്പണികളുമുണ്ടാകാറുണ്ട്. കന്നാലിപ്പണികളാണ് മറ്റു പ്രധാനപ്പെട്ട ജോലി. ബെല്ലിയ്ക്കൊപ്പം രാവിലെയും വൈകുന്നേരവും വെറ്റ,അടയ്ക്ക, നൂറ്, പുകയില എന്നിവ നൽകണം. കുടുംബത്തിലെ പ്രായമേറിയ കാരണോത്തിമാരാണ് ബെല്ലിക്കൂറ് കൊടുക്കുക. അടിമത്തൊഴിലാളികൾ മേൽമുണ്ട് താഴ്ത്തി തലകുമ്പിട്ട് വിധേയത്വത്തോടെ നിൽക്കണം. അതിലേക്ക് നെല്ല് ചൊരിഞ്ഞു നൽകും. ജോലി ഉണ്ടെങ്കിലും ഇല്ലെങ്കിലും ബെല്ലി കൊടുക്കുമായിരുന്നു. അവ ആവശ്യത്തിനു തികയില്ലെന്നതാണ് സത്യം. കാടുകയറി ചപ്പുകളും ത്വോളുകളും[13] പറിച്ചെടുത്തും ഞണ്ടും നൃഞ്ഞിയും മീനും പിടിച്ചും പക്ഷിയെ ബെളഞ്ഞിക്കോള വെച്ച് പിടിച്ചും കുണ്ണംകിഴങ്ങും

തിന്നും തന്നെയാണ് ജീവൻ നിലനിർത്തിയിരുന്നത്.

3. നിപ്പ് പണി

അടിമയായി നിന്നുകൊള്ളാം എന്ന വാഗ്ദത്തം നൽകിയതിൽ നിന്നായിരിക്കണം നിപ്പ്പണി അഥവാ നിൽപ്പ് പണിയുടെ ഉത്ഭവം. പുരുഷനും സ്ത്രീയ്ക്കും ഒന്നരവല്ലി ഒരു വല്ലി ക്രമത്തിൽ നെല്ല് കൊടുക്കുന്നു. അടിമത്തതൊഴിലിന്റെ ഏറ്റവും പ്രാകൃതമായ വകഭേദമാണിത്.

4. പൊറമെപ്പണി

പുറം പണി എന്ന അർത്ഥത്തിലാണ് ഇത് ഉപയോഗിക്കുന്നത്.അടിമയായ സ്ത്രീ അടുക്കളയിലെ പുറംവേലകളിൽ ഉടമയുടെ കുടുംബത്തെ പൊറംപണി ചെയ്ത് സംരക്ഷിക്കുന്നു. അടിമകുടുംബത്തിലെ കൊച്ചുപെൺകുട്ടികളും പൊറമെപ്പണിതന്നെചെയ്യുന്നു. നെല്ലു തന്നെയാണ് കൂലി. പൊറമെപ്പണി ചെയ്യുന്ന സ്ത്രീകൾ കാലാകാലങ്ങളായി ലൈംഗികചൂഷണം വരെ നേരിട്ടിരുന്നു.

5 .ഊരാളിപ്പണി

ഊരാളിപ്പണി രണ്ട് ഗോത്രങ്ങൾക്കിടയിൽ കാണപ്പെടുന്ന കൊടുക്കൽവാങ്ങൽ രീതിയിൽ അധിഷ്ഠിതമാണ്. ഗോത്രദൈവങ്ങളുടെ അധികാരികളാണ് ഊരായ്മ/ ഊരാണ്മക്കാർ. ഊരാളിയെന്നാൽ ഊരിനെ ആളുന്ന അധികാരി എന്നാണ് അർത്ഥം. എന്നാൽ വയനാട്ടിലാകട്ടെ ഊരായ്മക്കാരന്റെ താഴെയായി നിൽക്കുന്ന അധികാരശ്രേണിയിൽ താഴത്തെ പദവിയുള്ള സമുദായത്തിനെയാണ് ഊരാളിയായികണക്കാക്കുന്നത്. മുള്ളുക്കുറുമഗോത്രത്തിന്റെ ഊരാളികളാണ് ബെട്ടക്കുറുമഗോത്രം.അവരെ ഊരാളിക്കുറുമർ എന്നു വിളിക്കുന്നു. മുള്ളുക്കുറുമനാവശ്യമുള്ള സകല ആയുധങ്ങളും,ആഭരണങ്ങളും അടുക്കളക്കലങ്ങളുംമൺചട്ടികളും മരപ്പണികളും കല്ലുകൊത്തുവേലകളും ചെയ്യേണ്ടുന്നത് ബെട്ടക്കുറുമനാണ്. ആയുധങ്ങൾക്ക് ബദലായി ആഹാരവും നെല്ലും മറ്റും നൽകുന്നു. ഗോത്രോത്സവമായ ഉച്ചാറിൽ ഇത് കാണാം. ഊരായ്മ എന്നാണ് ഈ അധികാരം അറിയപ്പെടുന്നത്. കൃഷിഭൂമിയിലും ബെട്ടക്കുറുമർക്ക് ചില അധികാരങ്ങൾ നൽകിയിട്ടുണ്ട്. ഗോത്രദൈവമായ മുത്ത്യശ്ശ്യമ്മയുടെ ഭൂമി ബെട്ടക്കുറുമനു ജോലിക്കായി നൽകുന്നു. അപ്രകാരം ആ ഊരിനെ ആളുന്ന കുരുമൻ എന്ന രീതിയിലായിരിക്കാം ഊരാളി എന്ന പേരു ലഭിച്ചത്. അടിമത്തവേല പോലെയല്ല ഇത്. അടിയാളത്തൊഴിലായാണ് ചെയ്യുന്നത്. മുള്ളക്കുറുമനെ അധികാരിയായിട്ടു കാണുന്നുമുണ്ട്.

6. കുളംകുത്തൽപ്പണി

അടിയാളപ്പണികളിൽ ഒന്നാണിത്. ഗോത്രസ്ത്രീകൾ ഓരോ കുടുംബത്തിനും ഇത്ര കൊളകം നെല്ല് കുത്തി അരിയായി നൽകണമെന്ന് അലിഖിതനിയമം ഉണ്ടായിരുന്നു. ആചാരപരമായും സമുദായപരമായും ഉള്ള കാരണത്താൽ സ്ത്രീകൾ അതു ചെയ്തുവന്നു. കുളംകുത്തൽ/കൊളകം കുത്തൽ എന്നിത് അറിയപ്പെട്ടു.കൂലി അരിയായിത്തന്നെയാണ് ലഭിച്ചത്. മുള്ളുക്കുറുമ സ്ത്രീകൾ കൊളകം കുത്തു പതിവാക്കിയിരുന്നു.കുറുമകുടികളിൽ കൊട്ടിൽ എന്നയിടത്ത് കുന്താണി[14]യിലിട്ടാണ് നെല്ലിടിച്ചിരുന്നത്. ഇതൊരു സംഘവൃത്തിയായാണ് ചെയ്തു പോന്നിരുന്നത്. കൊളകം നെല്ലളക്കുന്ന ഒരു അളവാണ്.അഞ്ചിടങ്ങഴിയാണ് ഒരു കൊളകം.

7. തടിപ്പണി

കാട്ടിൽ മരങ്ങൾ മുറിയ്ക്കാനും തേക്കുതോട്ടങ്ങളിൽ പണിയെടുപ്പിക്കാനും അടിമത്തൊഴിലാളികളെ ഉപയോഗിച്ചിരുന്നു. കാട്ടിൽ മരം മുറിക്കൽ, കൂപ്പിലെ പണികൾ, മേക്കടിക്കൽ[15], തേക്കുകൃഷി,കെട്ട്[16] തുടങ്ങി അനവധി കഠിനതര ജോലികൾക്കായി ഗോത്രങ്ങളെ ഉപയോഗിച്ചു. അടിമകളെ വാങ്ങിയും വിറ്റും കരാറാൽ ബന്ധിച്ചും ഭൂപ്രഭുക്കന്മാർ തടിപ്പണി ചെയ്യിച്ചു. ഈ ബോണ്ടഡ് ലേബർ സംവിധാനത്തിനു ഏറ്റവും വലിയ ഉദാഹരണം 300 വർഷങ്ങൾക്ക് മുമ്പ് വയനാട്ടിൽ നിന്നും നിലമ്പൂരിലേക്ക് കൊണ്ടുവന്ന അടിമഗോത്രങ്ങളാണ്. പണിയസമുദായത്തിൽപ്പെട്ട ഈ ഗോത്രാംഗങ്ങളുടെ ജന്മിമാരിൽ നിന്നും അവരെ വാങ്ങിച്ചശേഷം കോഴിക്കോട്ടെ പ്രമുഖ മുസ്ലിംകുടുംബമായ കൊയപ്പെത്തൊടിക്കാരാണ് നിലമ്പൂർ താഴ്വരയിലേയ്ക്ക് കൊണ്ടുവന്നത്. തടിപ്പണിയിലും തേക്കുപണിയിലും വിദഗ്ധരായ ഈ പണിയരെ കാട്ടുപണിയർ, കുറിഞ്ഞിപ്പണിയർ എന്നും ഉടമയുടെ പേരു ചേർത്ത് കൊയപ്പപ്പണിയർ എന്നും വിളിച്ചു വരുന്നു.

ചുരുക്കത്തിൽ അടിമത്തത്തിനു പലഭാവവും രൂപവും മാനവും തരവുമുണ്ടായിരുന്നു. ഊരാണ്മ, കാരായ്മ/കാറാണ്മ/കാരാഴ്മ, പൊതുവാണ്മ/പൊതുവാൾമ, അടിയായ്മ, അടിയാഴ്മ,അടിയാൾമ, കുടിയായ്മ/കുടിയാണ്മ/കുടിയാഴ്മ , അടിമത്തതൊഴിൽ, നിരുപാധിക അടിമത്തം എന്നിങ്ങനെയെല്ലാം വയനാട്ടിൽ നിലനിൽക്കുന്നു.

ബെട്ടക്കുറുമ്മൻ ബ്രിട്ടീഷുകാരുടെ അടിമത്തൊഴിലാളിയാണ്. മുള്ളുക്കുറുമന്റെ ദൈവഅവകാശമായ ഊരായ്മ കിട്ടിയതിനാൽ കാട്ടുനായ്ക്കർക്കും റാവുള, പണിയർക്കും ഊരാളിയാണ്. എന്നാൽ മുള്ളുക്കുറുമനു അടിയായ്മയായി നിൽക്കുന്നതിനാൽ അവരുടെ അടിയാളനുമാണ്.

## അടിമവിപണിയും വ്യാപാരവും:

### ബെള്ളൂരമ്മയെന്ന ചൂഷകരുടെ ദൈവം

“വള്ളിയൂർക്കാവിലെ അടിമക്കച്ചവടം നൂറ്റാണ്ടുകളായി തുടർന്നുവന്ന ഒരേർപ്പാടായിരുന്നു എന്നതാണ് സത്യം. മാനന്തവാടിക്കടുത്തുള്ള വള്ളിയൂർക്കാവിൽ മീനം ഒന്നാംതീയതി ഉത്സവംതുടങ്ങുന്നു.14ദിവസംനീണ്ടുനിൽക്കുന്ന ഉത്സവകാലത്ത് വയനാട്ടിലെ പണിയരും അടിയരും വള്ളൂരമ്മയുടെ മുമ്പാകെ എത്തിച്ചേരുന്നു.വയനാട്ടിലെ ജന്മിമാരും അന്ന് അവിടെ എത്തും. ഓരോ ജന്മിയും ഒരു കൊല്ലക്കാലം അതായത് വള്ളിയൂർക്കാവിലെ അടുത്തകൊല്ലത്തെ ഉത്സവം തുടങ്ങുന്നതുവരെ തന്റെ വയലിൽ അടിമജോലി ചെയ്തുകൊള്ളാമെന്ന കരാറിന്മേൽ കാലിച്ചന്തയിൽനിന്ന് കന്നുകാലികളെ തെരഞ്ഞെടുക്കുന്ന മട്ടിൽ, ഒരു കൂട്ടം പണിയരെയും അടിയരെയും അന്നവിടെവച്ച് വള്ളിയൂർക്കാവിലെ ഭദ്രകാളിയുടെ മുമ്പാകെ അടിമപ്പണം കൊടുത്ത് വിലയ്ക്കെടുക്കുന്നു. വിവാഹം കഴിഞ്ഞവരാണെങ്കിൽ ആണിന് 10ക. തോതിലും പെണ്ണിന് 5ക. തോതിലും അടിമപ്പണം കൊടുക്കും. വിവാഹം കഴിഞ്ഞിട്ടില്ലാത്തവർക്ക് രണ്ടര ക. തോതിൽ മാത്രമേ വിലയുള്ളൂ. ജന്മിമാർ ഈ ചടങ്ങ് കാവിൽവച്ച് നടത്തുന്നതിന്റെ കാരണം ഊഹിക്കാവുന്നതേയുള്ളൂ. വള്ളൂരമ്മ ആദിവാസികൾ വളരെയേറെ ഭയപ്പെടുന്ന ദേവതയാണ്.അവർക്ക് ദീനം ഉണ്ടാകുന്നതും സുഖപ്പെടുത്തുന്നതും ഈ ദേവതയാണ്. അതുകൊണ്ട് വള്ളൂരമ്മ സാക്ഷിയായി നടക്കുന്ന കരാർ പാലിക്കേണ്ടത് തങ്ങളുടെ കടമയായി അവർ കരുതുന്നു. പ്രവൃത്തിയിൽ ഉപേക്ഷ കാണിക്കുകയോ ഒളിച്ചോടിപ്പോവുകയോ ചെയ്താൽ ഭദ്രകാളി കോപിക്കുകയും കഠിന രോഗംവരുത്തി ശിക്ഷിക്കുകയും ചെയ്യുമെന്നാണ് അവരുടെ വിശ്വാസം. ദേവന്മാരും ജന്മിമാരും തമ്മിൽ അങ്ങനെയൊരു ധാരണയുണ്ടായിരുന്നു! കഴിഞ്ഞകാലങ്ങളിൽ അങ്ങനെ ഒളിച്ചോടിയവരെ പിടിച്ച് തിരിച്ചേൽപ്പിക്കാൻ പൊലീസുംകൂടി സഹായിച്ചിരുന്നുപോൽ! ഒരടിമയായാൽ ജന്മിയുടെ വയൽക്കരയിൽത്തന്നെ കുടുമ്പുകെട്ടി താമസിക്കാനുള്ളസൗകര്യം അനുവദിച്ചുകിട്ടും. അങ്ങനെ വള്ളൂരമ്മയുടെ പ്രീതിക്കുവേണ്ടി എന്നതിലേറെ ജന്മി നൽകുന്ന താമസസൗകര്യത്തിനും ‘കാടിക്കഞ്ഞി’ക്കുള്ള വകയ്ക്കുംവേണ്ടി അവർ അടിമകളായി ജീവിക്കുകയായിരുന്നു”[17]

ബെള്ളൂരമ്മ എന്ന റാവുളാന്റെയും പണിയന്റെയും ദേവത അതിപ്രതാപിയായ അമ്മദൈവമാണ്. ആ ദേവതയ്ക്കു മുമ്പിൽ സത്യം ചെയ്യുമ്പോൾ ദേവതയാകുന്നു എന്തിനും സാക്ഷി. അടിമത്തൊഴിലാളിയാകാം എന്നു

February, 2021 മലയാളപ്പച്ച
Volume 01: No. 12 *malayala pachcha*

പറഞ്ഞ് നിപ്പപണം അഥവാ അടിമപ്പണം വാങ്ങുന്നതോടെ ഗോത്രവം ശജൻ അദൃശ്യമായിരിക്കുന്ന അമ്മദൈവത്തിനു കൂടി വാക്കുനൽകുന്നു. മതവിശ്വാസങ്ങളിലൂടെ മനുഷ്യനെ മയക്കി അടിമയാക്കാമെന്ന സെമെറ്റിക് മതങ്ങളുടെ കേരളാപതിപ്പാണിത്. ഇമ്മാനുവൽ കാന്റ് പറയുന്നതു പോലെ സഹനം, ക്ഷമ, വിശ്വാസം എന്നീ മൂല്യങ്ങളൊക്കെ ക്രൈസ്തവർക്ക് ലഭിക്കുന്നത് ഒരിക്കലും തിരിച്ചടിക്കാനാവാത്ത എതിർക്കാനാകാത്ത അടിമയുടെ ഒരേ ഒരു ഗത്യന്തരം, സഹനമാകുന്നു എന്ന രീതിയിലാണ്. തല്ലിയവനെ തിരിച്ച തല്ലാതെ അടുത്തകവിൾത്തടം കാണിക്കുന്നതും കുറ്റങ്ങൾ അന്യരോട് ക്ഷമിക്കുന്നതും വിധേയത്വവും യജമാനനിലുള്ള വിശ്വാസവുമൊക്കെ ആത്യന്തികമായി അടിമത്തത്തിന്റെ സവിശേഷതകളാണ്.

ബെള്ളൂർക്കാവ് ക്ഷേത്രത്തിൽ മാത്രമല്ല ഇത്തരം കരാറുറപ്പിക്കലുകൾക്ക് ദൈവം സാക്ഷ്യം പറയുന്നത്. കുട്ടത്ത് കിർങ്കാലിയമ്മ, ചിക്കമ്മ, മൈച്ചുറ അല്ലിറബ്ബമാരി, തുടങ്ങി നിരവധി ഗോത്രക്ഷേത്രഇടങ്ങൾ ഇത്തരം അടിമവ്യാപാരങ്ങൾക്കുള്ള ദൈവസാക്ഷ്യ ഇടങ്ങളായി. ദൈവത്തെ മുൻനിർത്തി ആണയിടുന്നതോടെ വിശ്വാസത്തിന്റെ ക്രൂരമായ ചങ്ങലയാൽ ഗോത്രവർഗ്ഗക്കാരൻ വലിഞ്ഞു മുറുക്കപ്പെടുന്നു. ദൈവം ഉടമയുടെ പക്ഷത്തു നിന്ന് സദാ അടിമയെ നിരീക്ഷിക്കുന്നു. അവന്റെ തെറ്റുകൾക്ക് ശിക്ഷ നൽകുന്നു. ഉടമ അവനോട് എന്ത് ക്രൂരതകാണിച്ചാലും ദൈവത്തിനു വേണ്ടി സഹിക്കേണ്ടി വരുന്നു. എല്ലാ മതയുക്തികളും വിശ്വാസയുക്തികളും അധികാരത്തെ നിലനിർത്താനുള്ള വഴികളാണ് തേടുക. ബെള്ളൂരമ്മ എന്ന ഉഗ്രപ്രതാപിനിയായ ദേവതയും അധികാരത്തോട് ചേർന്നുനിന്ന് ഗോത്രങ്ങൾ ചൂഷണംചെയ്യാനുള്ള വഴിയൊരുക്കുന്നു.

### ഉച്ചാറടിമവ്യാപാരം

ഉച്ചാറൽ എന്ന കൊയ്ത്തുത്സവം അടിമ വ്യാപരത്തിന്റെ മികച്ച വേദിയാണ്. ഗോത്രാംഗങ്ങൾ ഊരായ്മ എന്നറിയപ്പെടുന്ന അടിമത്തത്തൊഴിലിൽ ചേരാനായി ജന്മിയുടെ വീടുകളിലോ ദൈവപ്പുരകളിലോ, മദ്പ്പെരകളിലോ ചെല്ലുന്നു. കുംഭം ഒന്നാം തീയതി സമരാത്രദിവസം ചെന്ന് ഊരായ്മയ്ക്കായുള്ള സമ്മതം അറിയിക്കുന്നു. അടുത്ത ഉച്ചാറൽ വരെയാണ് ഊരായ്മക്കാലം. ഊരായ്മക്കാരന് ഊരാളാനായി വന്ന ഗോത്രത്തെ ഇഷ്ടപ്പെട്ടുവെങ്കിൽ ചാരായം, മുറുക്കു കൂട്ട്, വസ്ത്രം എന്നിവ നൽകി സ്വീകരിക്കുന്നു. ഇത്തരം ഊരായ്മ ജോലിക്കാർക്ക് ബെല്ലി/നെല്ല തന്നെയാണ് കൂലി. വിശേഷദിവസങ്ങളിൽ സദ്യയും വസ്ത്രവും സമ്മാനിക്കുന്നു. ചില ഗോത്രങ്ങൾക്ക് അടിയാളപദവിയാണ് കിട്ടുക.

ഉദാഹരണമായി മുള്ളുക്കുറുമർ തേങ്കുറുമർക്ക് നൽകുന്നത്.

സ്ഥിരമായ ഊരായ്മയുള്ള ഊരാളന്മാരുണ്ട്. പാക്കംകുടിയിലെ മുള്ളുക്കുറുമർക്ക് ചേകാടി, പാലുവെളിച്ചത്തൊക്കെയുള്ള ബെട്ടക്കുറുമനമാർ ഊരായ്മക്കാരാണ്. പാക്കത്തെ കുരുടിദൈവമായ മുത്തിശ്ശ്യമ്മയുടെ മദ്പ്പെരയ്ക്ക മുമ്പിൽ നിന്ന് ഈ ഊരായ്മ വർഷാവർഷം പുതുക്കുന്നു. പുത്തനായുധങ്ങൾ നിർമ്മിച്ച് ബെല്ലിക്കുറു കൈപ്പറ്റുന്നു. കെല്ല്പ്പട്ടും ചോറും ചാറും ബെററയും സ്വീകരിക്കുന്നു.

## നിപ്പപണിയടിമ വ്യാപാരം

"വിഷുവിന് മുമ്പായി ഒരു പണിയനെയും പണിച്ചിയെയും നെല്ല്, മുറുക്കാൻ, വെളിച്ചെണ്ണ തുടങ്ങി പാരിതോഷികം നൽകി ഒരു ജന്മി തന്റെ അടിമയായി നിയമിക്കും. വിഷുപ്പിറ്റേന്ന് വയലിന്റെ ഒരു മൂലയിൽ കുടുംബാചാരത്തോടുകൂടി നിലവിളക്ക് കത്തിച്ച് വിത്തിടുന്നതോടുകൂടി ഒരു അടിമ കുടുംബം അവന്റെ ഉത്തരവാദിത്തം ഏറ്റെടുക്കുകയായി.തുടർന്ന് അതിരാവിലെയുള്ള കന്നുപൂട്ടൽ, കന്നുകാലി മേയ്ക്കൽ, ഞാറിടൽ, ഞാറ് പറിക്കൽ, ഞാറ് നടൽ തുടങ്ങി ആ ജന്മി കുടുംബത്തിന്റെ എല്ലാ പണികളും നോക്കി നടത്തേണ്ട ഉത്തരവാദിത്തം ഈ അടിമ കുടുംബത്തിന്റെ തലയിലാകും. ഇത് തങ്ങൾക്കുള്ള അവകാശമാണെന്ന സംതൃപ്തിയോടെ കടമകൾ നിർവഹിക്കുന്നു. ഒരു ദിവസത്തെ പണിക്ക് ഒരു വല്ലി, ഒന്നര വല്ലി നെല്ലാണ് കൂലി. അധികം പണിക്ക് അധികം വല്ലി കിട്ടും. ഞാറുപറിക്കുന്നതിന് കുത്തക നിശ്ചയിച്ചുകൊടുക്കുന്ന രീതിയായിരുന്നു. പൊടി ഞാറാണെങ്കിൽ ഒരു സ്ത്രീ തൊഴിലാളി മൂന്ന് കൊളകം വിത്തിന്റെയും, ചെളിഞാറാണെങ്കിൽ അഞ്ച് കൊളകത്തിന്റെയും ഞാറ് പറിക്കണം. കന്നിമാസത്തിലെ മകംനാളിൽ കതിര് കുളിപ്പിക്കുന്ന ഒരാഘോഷം നിലനിന്നിരുന്നു. ജന്മി കുടുംബവും അടിമ കുടുംബവും കൂടി വളരെ ആഘോഷപൂർവമായിരുന്നു കൊണ്ടാടിയിരുന്നത്. മറ്റൊരാചാരമായിരുന്നു ഭകതിരുകയറ്റൽ. കൊയ്ത്തിനു മുമ്പ് ഒരു കറ്റ കൊയ്ത്ത് കളത്തിന് നടുവിലുള്ള മേട്ടിയിൽ സ്ഥാപിക്കുകയാണ് ഈ ആചാരം."[18]

വയനാട്ടിലെ അമ്പലങ്ങളിലെ അടിമവ്യാപാരച്ചന്തകൾ നിന്നു പോയതോടെയാണ് ഇത്തരം മനുഷ്യവ്യാപാരം വീടുകളിലേക്ക് മാറിയത്. ഉച്ചാറും വിഷുവും പുത്തരിക്കോളും കർക്കിടകം14-ഉം പോലെയുള്ള വിശേഷങ്ങൾ അടിമത്തൊഴിലിനുള്ള കരാർപുതുക്കൽ വേദികളായി മാറി. വിഷുവല്ലി, ഓണവല്ലി നൽകുക എന്ന ലളിതമായ ചടങ്ങിലൂടെ മനുഷ്യരെ അടിമജോലിക്കാരാക്കുന്ന നീചവൃത്തി ജന്മിമാർ നടത്തിപ്പോന്നു.

## റാവുളൻഅടിയാനാകുന്നു: സ്വത്വനിർമ്മിതിയിലെ പ്രതിസന്ധിയിൽ അടിമഗോത്രം

വയനാട്ടിലെ അടിമത്തതൊഴിലിലെ ഏറ്റവും പ്രധാനപ്പെട്ട ഇരഗോത്രം റാവുളന്റേതാണ്. കർണ്ണാടകത്തിലെ പുന്നാട്ട് നിന്നും അമ്മദൈവമായ മാരിയാണ് കേരളത്തിലാദ്യം വന്നത്.[19] പിന്നീട് മക്കൾ റാവുളർ വന്നു എന്ന് പുരാവൃത്തങ്ങൾ പറയുന്നു. കർണ്ണാടകമേഖലയിൽ നിന്നായിരിക്കണം റാവുളരുടെ പൂർവ്വികർ എന്നത് ഭാഷാസദൃശതയാലും സംസ്കാര വിശേഷതയാലും നമുക്ക് സുവ്യക്തമാകും. "ജൈന,ചെട്ടി ഭൂവുടമകൾക്കൊപ്പം വന്ന കൃഷിത്തൊഴിലാളികളാണ് അടിയാൻ."[20] റാവുളർ ഇന്ന് ഭരണഘടനാപരമായിപ്പോലും അറിയപ്പെടുന്നത് അടിയാൻ എന്നാണ്. ഗോത്രസ്വത്വത്തിനോ ഔന്നത്യത്തിനോ വിലകല്പിക്കാത്ത സമൂഹത്തിന്റെ അധീശസ്വരം ഭരണഘടനയിൽ പോലും തെളിഞ്ഞു കേൾക്കുന്നു.

റാവുളരുടെ കുള്ളുകൾ[21] കുന്റുകൾ എന്നറിയപ്പെടുന്ന ഗോത്രഭൂമിപ്രദേശങ്ങളിലാണ് ഉണ്ടാകുക. ആ ഭൂമിയാകട്ടെ ജന്മിയുടെ ഭൂമിയുമായിരിക്കും. സ്ഥിരജോലിക്കാരനാണെന്നാണ് വെയ്പ്പെങ്കിലും അടിമതന്നെയായിരുന്നു ഓരോരുത്തരും യഥാർത്ഥത്തിൽ. ഒരുപാട് കുടുംബങ്ങളെ നിയന്ത്രിക്കാനായി ജന്മി മൂപ്പൻ, മൊതലി എന്നീ സ്ഥാനക്കാരെ റാവുളർക്കിടയിൽ നിന്നുതന്നെ കണ്ടെത്തുന്നു. കങ്കാണി ജോലിക്കാരാണിവർ. ജന്മിയുടെ നിർദ്ദേശങ്ങൾ പണിക്കാരിലെത്തിക്കുകയാണ് ജോലി.[22] എത്തിക്കുക മാത്രമല്ല ജന്മിമാർക്കൊപ്പം നിന്നുകൊണ്ട് സ്വഗോത്രങ്ങളെ പീഡിപ്പിക്കുകയും ചെയ്യുന്നു.

കൗണ്ടന്മാർ, ചെട്ടിമാർ, നായന്മാർ എന്നിവരുടെ അടിയാളജോലിയിൽ നിന്നും തീയ്യന്റെയും, കാക്കയുടെയും ചേട്ടന്റെയും അടിയാളവേലയിലേക്കുകൂടി അടിയഗോത്രം മാറി. "ബ്രിട്ടീഷുകാരുടെ വരവോടെ ജന്മിമാർ കാപ്പി,തേയില, മറ്റു നാണ്യവിളത്തോട്ടങ്ങളിലേക്കുള്ള പണിക്കാരായി റാവുളരെ ബ്രിട്ടീഷുകാർക്ക് കൈമാറ്റം ചെയ്തു.[23]

മാർച്ച്-ഏപ്രിലിൽ ബെള്ളൂർക്കാവിൽ റാവുളരെയും കൊണ്ട് മൂപ്പനും മൊതലിമാരും ചെന്നുനിൽക്കും. അടിമച്ചന്തമാത്രമായിരുന്നില്ല അത്. ആണടിമയും പെണ്ണടിമയും പരസ്പരം കാണുകയും ഒന്നാകുകയും ചെയ്യുന്ന വേദികൂടിയായിരുന്നു."ഭൂപ്രഭുക്കന്മാരുടെ കങ്കാണിമാർ കുടുംബത്തലവനെ സമീപിച്ച് മുൻപണമായി 200 രൂപ മുതൽ നൽകുന്നു. ഈ നിപ്പുപണം വാങ്ങിച്ചശേഷം ഇഷ്ടമുള്ള അംഗത്തെ വിൽക്കുന്നു. ആ അംഗം ദേവിക്കുമുമ്പിൽനിന്നും പ്രതിജ്ഞ എടുത്ത ശേഷം പുതിയ ഉടമയ്ക്കൊപ്പം പോകുന്നു.

കുടുംബത്തിലെ കുട്ടികളടക്കം വിൽപ്പനച്ചരക്കാണ്. ആൺകുട്ടി കന്നാലി മേയ്ക്കു മ്പോൾ പെൺകുട്ടി പൊറമപ്പണിയെന്ന അടുക്കളവേല ചെയ്യേണ്ടിവരുന്നു."[24]

അടിമകളിലെ സ്ത്രീകളുടെ നില അത്യധികം പരിതാപകരമായിരുന്നു. പെൺകുട്ടി പിറക്കുന്നതുതന്നെ ജന്മിക്ക് ഇഷ്ടമായിരുന്നില്ല. ആൺകുട്ടിയാണെങ്കിൽ ജന്മിക്ക് ഒരു പെണ്ണടിമയെ കൊണ്ടു വരും. അതുപോലെതന്നെ വിദ്യാഭ്യാസം നൽകുകയോ മെച്ചപ്പെട്ട സാമൂഹ്യസാഹചര്യങ്ങൾ നൽകുകയോ ചെയ്തിരുന്നില്ല. കന്നുകാലികൾക്കൊപ്പം മൃഗതുല്യരായി ജന്മിയുടെ ഔദാര്യം കാത്ത് കിടക്കുകയായിരുന്നു വിധി. പ്രത്യക്ഷത്തിൽ അടിമത്തതൊഴിലെന്നു പേരിട്ടുവെങ്കിലും ഇത് അടിമപ്പണി തന്നെയെന്ന് സുവ്യക്തമായിരുന്നു.

## റാവുളരുടെആന്തരഗോത്രസമൂഹഘടനയും അധികാരത്തിന്റെ ഇടപെടലും

സമൂഹത്തിന്റെ ഏറ്റവുമടിത്തട്ടിൽ കിടന്നു ചൂഷണവിധേയമായെങ്കിലും സ്വയം അടിമകളാണെങ്കിലും ഗോത്രങ്ങൾ തങ്ങൾക്കുള്ളിൽ ഗോത്രത്തെ തട്ടുകളായി വിഭജിക്കുകയും മുകൾത്തട്ടിൽനിന്നും താഴേക്ക് അധികാരത്തിന്റേതായ ഇടപെടലുകൾ നടത്തുകയും ചെയ്തിരുന്നു.

റാവുളസമൂഹം മന്റ് എന്ന ഫ്രാറ്റെറികളായി വിഭജിക്കപ്പെട്ടിരുന്നു. മുദി മന്റ് എന്നാണിത് അറിയപ്പെടുന്നത്. തിരുനെല്ലി മന്റ്, ബടാക്ക് മന്റ്, പിതാർ മന്റ് ഈ മൂന്ന് വ്യത്യസ്ത ഫ്രാറ്റെറികളും പല ശ്രേണികളിലാണ്. തിരുനെല്ലി മന്റുകാർ ഏറ്റവും ഉയർന്ന മന്റുകാരായി കണക്കാക്കപ്പെടുന്നു. ഈ ഫ്രാറ്റെറികൾ ചെമ്മമെന്ന് ക്ലാനുകളായി പിരിഞ്ഞിരിക്കുന്നു. തിരുനെല്ലി മന്റിന്റെ കുല പിരിവുകളായ 33 ചെമ്മങ്ങൾക്കും ഈ ഉത്കൃഷ്ടപദവിയുണ്ട്. താഴെ നിൽക്കുന്ന ബടാക്ക് മന്റ് 44 ചെമ്മങ്ങളായും ഏറ്റവും അടിത്തട്ടിലെ പിതർമന്റ് 77 ചെമ്മങ്ങളായും വേർതിരിഞ്ഞിരിക്കുന്നു. ഇപ്പോൾ പല ചെമ്മങ്ങളും ഇല്ലാതെയായിട്ടുണ്ട്. ഗോത്രത്തിനകത്തെ നീചജോലികൾ മിക്കപ്പോഴും താഴെ കുലങ്ങളിലെ അംഗങ്ങൾ ചെയ്യേണ്ടി വന്നിരുന്നു. മുടിവെട്ടൽ, അലക്കൽ, മരണാനന്തരകർമ്മങ്ങൾ ചെയ്യൽ എന്നിവയ്യൊക്കെ താഴയുള്ള കുലങ്ങളെ ഉപയോഗിച്ചു.മൊമ്മോട്ടെ, നാലപ്പചെമ്മങ്ങളിലെ ആളുകളാണ് ശവസംസ്കാരം നടത്തേണ്ടത്. കനലാടികൾ എന്ന ശ്മശാന ആചാരികൾ ഈ കുലങ്ങളിൽ നിന്നാണുണ്ടാകുന്നത്. തിരുനെല്ലിമന്റുകാർക്ക് ആചാരപരമായും വിശ്വാസപരമായും രാഷ്ട്രീയപരമായും ഉയർന്നഅധികാരമുണ്ട്. സ്വയം അടിമകളായി നിൽക്കുമ്പോഴും സ്വന്തം ഗോത്രത്തിനകത്തെ അധികാരപദവിയെ കൃത്യമായി ഉപയോഗിച്ചു പോന്നു. മൂപ്പനായും മൊതലിയായും കൈയ്യാളനായും ജന്മി തിരഞ്ഞെടുക്കുക തിരുനെല്ലി മന്റുകാരെയാണ്.

റാവുളപുരാവൃത്തങ്ങളിലുംവാമൊഴിപ്പാട്ടുകളിലും കാണുന്ന അടിമത്താഖ്യാനം അടിമത്തം ജന്മസിദ്ധമാണെന്നതിൽ അടിമത്തം അനുഭവിക്കുന്നവർക്ക് സംശയമേയില്ല. പലതരം ഗാനരൂപങ്ങളും ഉത്പത്തിപുരാവൃത്തങ്ങളും പാടിപ്പാടി തങ്ങളുടെ ശോചനീയാവസ്ഥയെ അവർ തന്നെ ന്യായീകരിക്കുകയാണ്. കാക്കപ്പെലപ്പാട്ട്, ഗദ്ദികപ്പാട്ട്, തെറപ്പാട്ട്, ബൊയ്ഗവൻ പാട്ട്, ചെമ്പാനപ്പാട്ട്, ശോപാനപ്പാട്ട് എന്നിങ്ങനെ വ്യത്യസ്തമായ ഗാനശാഖകളിൽ മിക്കവയിലും അടിമത്തന്യായീകരണം കൃത്യമായിക്കാണാം.

### ഉത്പത്തിപുരാവൃത്തവും അടിമത്തവും

റാവുളരുടെ കാക്കപ്പെലപ്പാട്ടിൽ നിന്നും കിട്ടിയ പുരാവൃത്തമാണിത്. ലോകം ജലഭരിതമായിരുന്നു. ഒന്നും കാണുവാൻ ഉണ്ടായിരുന്നില്ല. ദൈവങ്ങൾ ആദിമാതാവ് ഇത്തിയേയും ആദിപിതാവ് അപ്പൻ/ അച്ചനെയും വിത്തുകളുടെ രൂപത്തിൽ സൃഷ്ടിച്ചു. ഉരുണ്ട മാംസളമായ ചുരങ്ങയ്ക്കുള്ളിൽ അവരെ ദൈവങ്ങൾ കാത്തു വെച്ചു. ചകിരികൊണ്ട് മെത്തയും വായുകൊണ്ട് അറകളുമുണ്ടാക്കി സംരക്ഷിച്ചു. ഏത് പ്രളയത്തിലും ചുരങ്ങ മുങ്ങാതെ പൊങ്ങിക്കിടന്നു.

ഇത്തിയുമച്ചനും അൽപ്പകാലം കഴിഞ്ഞപ്പോൾ മൂടസീമലിൽ[25] നിന്നും കേരളത്തിലേക്ക് പലായനം ചെയ്തു. അന്ന മലരാജവംശരാജാവായിരുന്ന കുറുമനാട്ടുവാഴി വയനാട്ടിൽ അവർക്കഭയം നൽകി. സന്തോഷകരമായവർ ജീവിക്കെ നാട്ടുവാഴി പൊടുന്നനെ മരിച്ചു. അദ്ദേഹത്തിന്റെ മകനായ കുഞ്ഞിത്തമ്പുരാൻ അനാഥനായി. കുഞ്ഞായിരുന്ന കുഞ്ഞിത്തമ്പുരാനെ വളർത്തുവാനുള്ള ചുമതല ഇത്തിയും അപ്പനും ഏറ്റെടുത്തു.

ഇത്തിയ്ക്കുമച്ഛനും ഇക്കാലത്ത് 7 മക്കളുണ്ടായി ഈരെ, ചീത്തെ, കരീരച്ചൻ, മാരി, ബസുമൻ അങ്ങനെ ആ 7 പേർ പെറ്റുപെരുകി റാവുളോറുടെ സന്താനപരമ്പരകൾ ഉണ്ടാകാൻ തുടങ്ങി. ഈ കുട്ടികളെ ഓരോ ജന്മിമാർക്ക് ഇത്തിയുച്ചനുമേൽപ്പിച്ചു നൽകി. മാമുണ്ടൻ ജന്മി, അയ്യൻ ജന്മി, മലേലജന്മി, ചേറ്റിലെ ജന്മി എന്നിവരായിരുന്നു അത്. ഈ കുട്ടികളും കുടുംബവും അവരുടെ സന്തതി പരമ്പരകളും എന്നന്നേക്കുമായി അടിമകളായി മാറി. പരസ്പരം സംബോധന ചെയ്യുമ്പോൾ താൻ മലേലടിയാൻ അല്ലെങ്കിൽ അയ്യന്റടിയാൻ എന്നവർ കൃത്യമായി പറയണമെന്നായിരുന്നു നിയമം. റാവുളേർ അത് തുടർന്നുപോന്നു.

അയ്യന്റടിയാൻ നാങ്കളേ
മാമുണ്ടന്റടിയാൻ നാങ്കളേ
മലേലടിയാൻ നാങ്കളേ

ചേറ്റടിയാൻ നാങ്കളേ[26]

## ബെട്ടക്കുറുമരുടെ ഉത്പത്തി പുരാവൃത്തവും റാവുളരുടെ അടിമത്തവും

ഏറ്റവും ഉയർന്ന മലയായ നെർദ്ദിബൊട്ടിൽ ബെട്ടക്കുറുമരുടെ പൂർവ്വികരായ അജ്ജനും അജ്ജിയും ഉണ്ടായി. തൊട്ടടുത്ത് അൽപ്പം ഉയരം കുറഞ്ഞ ഇപ്പി ബൊട്ടിൽ മറ്റൊരുതരം മനുഷ്യരുടെ പിറവി നടന്നു. കെനായിന്റമാരും[27] ത്വോളന്മാരുമായിരുന്നു[28] അത്. "ബെട്ടക്കുറുമർ ഉയരത്തിൽ ജനിച്ചതിനാൽ ബുദ്ധിശക്തി,മികവ് , ഗുണം ഒക്കെ അവർക്കുമാത്രം ലഭ്യമായി. അജ്ജനജ്ജി മാർ അഹ്ളാദത്തോടെ ഓലികളായും (Phratery) കീരെകളായും (Clan) മൂപ്പ്, മൗദ്ദ്ല്, എളമേയുമായും (lineage) പിരിഞ്ഞ് മാറി. എന്നാൽ സമുദായത്തി നൊരു കുറവുണ്ടായിരുന്നു. ബിര്ദ്ദ്കള് അഥവാ അചാരങ്ങൾ ഉണ്ടായിരുന്നില്ല. എങ്ങനെ പെരുമാറണം? എങ്ങനെ പ്രവർത്തിക്കണം? എങ്ങനെ ദൈവത്തെ ആരാധിക്കണം? സാമൂഹിക നിയമങ്ങൾഎന്ത്? അവർക്കൊന്നുമറിയുമായിരു ന്നില്ല. അവരുടെ അജ്ഞത കണ്ട് കുലകാരണവന്മാർക്ക് വിഷമമായി. അവർ ബിര്ദ്ദുകളെ കൊണ്ടുവരാനായി പരിശ്രമം ആരംഭിച്ചു.

ഐതോളി ഫ്രാറ്റെറിയിലെ മൂപ്പ്കാരനായ കുലമേഗാള്ൺ ജനുവാർ മേഗാള്ൺ തന്റെ സഹായിയായി ക്ലൂകോർ കീരെയിലെ അജ്ജൻ പാട്ടാളി യുമായി ചേർന്ന് മൂന്നു കല്ലുവണ്ടികൾ പ്രശ്നപരിഹാരത്തിനായി നിർമ്മിച്ചു. നിര്ദ്ദിമല അഥവാ നീലഗിരി സൃഷ്ടിയാലസ്യത്തിൽ കിടക്കുകയായിരുന്നു. കൊട്ടുമുടിയിലും താഴ്വാരങ്ങളിലും മനുഷ്യകുലത്തിനു പുലരാൻ വേണ്ട ബിര്ദ്ദുകള് ചിതറിക്കിടന്നു."[29] അജ്ജന്മാര് എത്തുമ്പോൾ അതാ അവിടെ കെനായിന്റ കളുടെ അജ്ജൻ ഓടുന്നു. കയ്യിൽ അതിശക്തമായ ഗദ്ദിക. അജ്ജന്മാർക്ക് അപകടം മനസ്സിലായി. ഗദ്ദികയുള്ള ആളെ തങ്ങളുടെ അടിമയാക്കാനായി അവർ വലവീശി. രാവുളനജ്ജനത് പൊട്ടിച്ചു ചാടിയോടി. ബെട്ടക്കുറുബയജ്ജ ന്മാർ ഇരുമ്പുവലയിട്ടു. റാവുളനജ്ജൻ അതും പൊട്ടിച്ചു. മഞ്ഞുവലയിട്ടു. അജ്ജൻ പിടിയിലായി. അന്നു മുതൽ റാവുളർമാർ ബെട്ടക്കുറുമരുടെ അടിമയായി എന്ന് പുരാവൃത്തം..

## പെലപ്പാട്ടിലെ മറ്റൊരു മിത്ത്; മുള്ളുക്കുറുമരുടെ അടിമയായ റാവുളൻ

പെലപ്പാട്ട് പ്രകാരം ആദിപിതാവും മാതാവും മേലോരച്ചനും കീഴൊരിത്തി യും ആണ്. മൂടൽരാജ്യത്തിലെ കറിപ്പൂർ കോട്ടയിൽ നിന്നും ഒളിച്ചോടിയ അവരെ പാക്കം കോട്ടയുടെ അധിപതി പാക്കത്തോരച്ചൻ അടിമകളാക്കി. മേലോരച്ചനെ വനവിഭവങ്ങൾ ശേഖരിക്കാനായി കോലുക്കമലയ്ക്കുമയക്കുന്നു.

ഇത്തി അടുക്കളയിലും. ഒരുദിവസം അവർ ഓടി രക്ഷപ്പെട്ടു. ദൂരെ ഒരിടത്തെത്തി സമാധാനത്തിൽ ഇരുന്നു, കാറമണലുമായി കളി തുടങ്ങി. അടിമകൾ രക്ഷപ്പെട്ടതിൽ ക്ഷുഭിതനായ പാക്കത്തെച്ചൻ അതാ മാളിയെ വിടുന്നു. മാളി അവരെ പിടികൂടി തിരിച്ച് കോട്ടയിൽ എത്തിച്ചു, കാവലുമായി. അവർ പുറത്തിറങ്ങാൻ ശ്രമിക്കുമ്പോഴൊക്കെ മാളിയവരെ ദ്രോഹിച്ചു അപകടപ്പെടുത്തി ഭീഷണിപ്പെടുത്തി, ഭയപ്പെടുത്തി, ഒരിക്കലും പുറത്തുപോകാനാകാത്ത വിധം അടിമത്തത്തിൽ തളച്ചിട്ടു.

മാവേലിമന്നവത്തെയ്യത്തിന്റെ മണ്ണ് ആരിയനും ബാണിയനും മോഷ്ടിച്ചതാണ് ഗോത്രങ്ങളുടെ ഈ അവസ്ഥക്ക് .കാരണമെന്നുള്ള മിത്തുകളും പ്രബലമാണ്.

### പണിയരുടെ അടിമത്തൊഴിലാളി ചരിത്രം

പണിയരുടെ യഥാർത്ഥഗോത്രനാമമെന്തെന്ന് ആർക്കും അറിയില്ല. പണി ചെയ്യുന്നവൻ, പണിക്കാരൻ എന്ന അർത്ഥത്തിലാണത്രെ പണിയർ എന്ന പേര് ലഭിച്ചത്. വയനാട്ടിലും കണ്ണൂരും മലപ്പുറത്തും കോഴിക്കോടുമായി ഈ ഗോത്രം അടിമത്തൊഴിലാളിയായി ജീവിച്ചു പോന്നു. റാവുളരെപ്പോലെതന്നെ അതികഠിനമായ ചൂഷണങ്ങൾക്കും ക്രൂരതകൾക്കും വിധേയരായി. ബെല്ലിപ്പണിയും കുണ്ടൽപ്പണിയും നിപ്പപണിയും തലപ്പണിയും ചെയ്തു. ബെള്ളൂരമ്മക്കു മുമ്പിൽ ചെന്നുനിന്നു തലപ്പാട്ടം കൈപ്പറ്റി ജമ്മിക്കായി പ്രതിജ്ഞ എടുത്തു. കുടുംബമപ്പാടെയും അടിമത്തൊഴിലിൽ ഏർപ്പെട്ടു. പണിയനെന്ന പേരിനൊപ്പം തന്നെ ജന്മിയുടെ പേരു ചേർത്ത് വിളിയ്ക്കപ്പെട്ടു. കൊയ്പ്പ മുസ്ലീമുകളുടെ അടിമ കൊയ്പ്പപ്പണിയനായി ,തീയന്മാരുടെ അടിമ തീയെനപ്പണിയരായി, കുറിച്യരുടേത് അച്ചനെപ്പണിയർ, മാപ്പിളയുടെ അടിമകൾ ചെയനെപ്പണിയറായി. ബെട്ടക്കുറുമന്റെ പണിയർ ത്വോളൻ ആയി മാറി.

“1940-കളിൽ ഓരോ 3.35 ഏക്കർ ഭൂമിക്കും പണിയ്ക്കൊരു പണിയ കുടുംബമെന്ന നിലയിൽ ജന്മി അവരെ കൈവശംവെച്ചു. നല്ല പണിക്കാരനെ കണ്ടാൽ മുൻകൂർ പണം വാരിനൽകി അവനെയും തന്റെയാക്കി. 1950-ൽ 25 രൂപ മുതൽ 50 രൂപ വരെയായിരുന്നു ഈ തലപ്പാട്ടം”[30] അടിമത്തൊഴിലിനു നിപ്പപണം കൂടാതെ കുണ്ടലും കോളും[31] ഓണത്തിനു ഓണബെല്ലിയും ഓണപ്പുടവയും സദ്യയും വിഷുവിനു വിഷുബെല്ലിയും സദ്യയും കൈനീട്ടവും നൽകും. നല്ല മഴയായാൽ കാരിയ്ക്കനും[32] ജന്മിയിൽ നിന്നും പണിയന് അവകാശമായിക്കിട്ടും. ഒരു വർഷത്തെ അധ്വാനത്തിനു കിട്ടുന്നത് എത്ര തുച്ഛമാണ്.

ജന്മിയുടെ ക്രൂരത സഹിക്കാതെ പണിയർ ഓടി രക്ഷപ്പെട്ടതിനെപ്പറ്റി

ഡെ. കലക്ടർ ഗോപാലൻ നായർ തന്റെ പുസ്തകത്തിലെഴുതുന്നതും ജന്മിയുടെ ഭാഷയിൽ തന്നെയാണ്." ജന്മി പരുഷമായി പെരുമാറിയാൽ പണിയർ അവിടെ നിന്നും മുങ്ങും. കണ്ടുപിടിക്കുക പിന്നീട് പ്രയാസകരംതന്നെ. സദാചാരവിരുദ്ധതയിൽ അവർ മുൻപന്തിയിലാണ്. പിടിച്ചുപറിയിൽ വിദഗ്ധരും ഏത് ഹീനകൃത്യം ചെയ്യാൻ മടിയില്ലാത്തവരുമാണ്".[33] വസ്തുതയുമായി പുലബന്ധമില്ലാത്തതും ഗോത്രവിരുദ്ധവുമായ ഒരു കേവലപറച്ചിൽ മാത്രമാണിത്. പണിയഗോത്രത്തിന്റെ പൊതുസ്വഭാവം കാലങ്ങളായുള്ള അടിമത്തത്തിന്റെ ബാക്കിയായിട്ടായിരിക്കണം സഹനത്തിന്റെയും വിധേയത്വത്തിന്റേതുമാണ്.

"തങ്ങളുടെ നായർജന്മിമാരുടെ ഇടം അഥവാ വീടുകളിലോ ദേവസ്വം അഥവാ ക്ഷേത്രത്തിന്റെ ഭൂമിയിലോ ആണ് പണിയർ പണിയെടുത്തിരുന്നത്"[34] സാൻസിബാറിൽ നിന്നും കൊണ്ടുവന്ന അടിമകളുടെ പിന്മുറക്കാരെന്ന ലോഗന്റെ വാദത്തെ പലരും പിൻപറ്റുന്നുവെങ്കിലും അതിനു ശാസ്ത്രീയമായ തെളിവൊന്നും തന്നെയില്ല.

## പണിയരുടെ ഉത്പത്തി പുരാവൃത്തവും അടിമത്തവും

ബെട്ടക്കുറുമരുടെയും പണിയരുടെയും പുരാവൃത്തത്തിൽ പണിയർ ഉയിർകൊണ്ടത് നെർദ്ദിമലയുടെ സമീപത്തുള്ള ഇപ്പിമലയിലാണ്. ബളറങ്കോട്ടു മല അഥവാ ബാണാസുരമലയാണ് ഇപ്പിമലയെന്ന് പണിയർ വിശ്വസിക്കുന്നു. ഒരാണും ഒരു പെണ്ണുമായാണ് അവർ ജനിച്ചത്. ഒരുമിച്ച് ജനിച്ചതിനാൽ ആങ്ങളയും പെങ്ങളുമായിരുന്നു. എന്നാൽ അത് പൂർണ്ണമായും ശരിയായിരുന്നില്ല എന്ന് പാട്ടുകൾ പറയുന്നു.

അരേന മീത്തേലേക്ക്
ആങ്കളേം പെങ്കളും
അരേന താകേക്കു
ആണും പെണ്ണും[35]

രാത്രിയിൽ ഗുഹയിറങ്ങികാടിറങ്ങി വന്നു ഇവർ കൗണ്ടൻമാരുടെ നെല്ലരിത്തിന്നു. കുപിതരായ ആലഞ്ചേരികൗണ്ടനും നീലഞ്ചേരിക്കൗണ്ടിയും വീശുവലയും ചാടുവലയുമായി കാത്തിരുന്നു. തക്കത്തിനു വീശിയും ചാടിയും ഈ ആങ്ങളപെങ്ങളെ പിടിയ്ക്കുകയും ചെയ്തു. ഒരു കൊട്ടിലിൽ കൊണ്ടിട്ടു ഉടുക്കുവാൻ മുണ്ടും ചൂടാറ്റാൻ തീയും കൊടുത്തു. നിങ്ങളാരാണെന്ന് ചോദിച്ചപ്പോൾ നെല്ലിനും പുല്ലിനും നാട്ടിക്കും നരിയ്ക്കും അവകാശപ്പെട്ടവരാണെന്നു ആ ആണും പെണ്ണും ഒരുമിച്ചുപറഞ്ഞു. പെൺകുട്ടി തിരണ്ടപ്പോൾ തുടികൊട്ടി കല്ലുവളയണിഞ്ഞു. ചൂതുമണിയും ചങ്കെലയും മുരുളയും കാതിലണിഞ്ഞു. മൂക്കുത്തിയുമിട്ടു. തല

ഈരേലികൊണ്ട് കോതി തലപ്പൂക്കൾ കുത്തി. കഴുത്തിൽ മുടെച്ചുളു, കുറിക്കല്ലെ, ബെള്ളിക്കല്ലെ ധരിച്ചു.കൈത്തണ്ടയിൽ തോൾബളെയുമിട്ടു. ഇനി കുടുംബമായി ജീവിക്കാൻ കൗണ്ടത്തി അവരെ ആശീർവദിച്ചു. വിവാഹത്തിനപ്പുറം പത്തു പെറ്റു പണിച്ചി. കൗണ്ടനും കൗണ്ടത്തിയും നിലവിളക്കും വെറ്റയും വെച്ച് ആ കുട്ടികളെ ഇല്ലം തിരിച്ചു. ചേരങ്കോറെ, പുത്തോറെ, മണ്ണിയങ്കോടെ,പഞ്ചങ്കാട, ഇുങ്ങാടിയെ, കൊളേരിയെ, കയ്പ്പങ്കൊടെ, ബൊള്ളനിലെൻ, പാമ്പളിയെ, നരിക്കോറെ, കാരമാറെ, കിയാങ്ങെടൻ എന്നിങ്ങനെ കുലങ്ങൾ ഉണ്ടായി. അവരെ ഓരോരുത്തരെയും ഓരോ ജന്മിമാർക്ക് അടിമകളായി നൽകി.[36]

## അടിമകളുടെ ജീവിതാവസ്ഥകളെ സൂചിപ്പിക്കുന്ന പാട്ടുകൾ

നിരവധി പാട്ടുകൾ ഈ വിഷയത്തെ അധികരിച്ച് ഉണ്ടായിട്ടുണ്ട്. കൃഷിപ്പണിയുടെ കാഠിന്യം, കാട്ടുപണിയുടെ അപകടം, ജോലി കൃത്യമാകാത്തതിന്റെ ബുദ്ധിമുട്ട്, വിശപ്പ്, കൂലി തികയായ്ക അങ്ങനെ പലതും ഇവയിൽ ഗൗരവതരമായ പ്രമേയമാണ്. വട്ടക്കളിപ്പാട്ട്, കമ്പളപ്പാട്ട്, തെയ്യപ്പാട്ട്, നാട്ടിപ്പാട്ട്, ഒക്കലു പാട്ട്, കഞ്ചീരപ്പാട്ട് അങ്ങനെ ഗാനശേഖരങ്ങൾ ഏറെയുണ്ട്. മക്കളെ ഉറക്കാനുള്ള ഉറക്കുപാട്ടിലും അടിമജോലിക്കു പോകുന്നതിന്റെ വ്യഥകാണാം.

നിൽത്താ നിൽത്താ ഇങ്കു ഞാറു പെരിച്ചും കൂടി
തീരുവാങ്കാണേ അവോ മുന്നേലി പുള്ളെയ്ക്ക്
മുലെ കൊടുപ്പ ബിളിക്കിഞ്ചിരി കുത്തകെ[37] തീരെടെ
പോയാലോ തമ്പിരെൻ ഇഞ്ചു ബെല്ലിം തരാ
കൂലിം തരാ നമാക്ക് പട്ടിണി ഉറാങ്കു വാ
ഒട്ടള കിരായട്ടെ ആടെ[38]

മുലകൊടുക്കാനായി അമ്മയെ വിളിക്കുമ്പോൾ അമ്മ തന്റെ ജോലിയുടെ അവസ്ഥ വിവരിക്കുന്ന താരാട്ടുപാട്ടാണിത്. മറ്റൊരു താരാട്ടിലും സമാനമായ വ്യഥ കാണാം

ബാവോ ബാവോ പുള്ളേ
അമ്മ ഞണ്ട് കൊണ്ട് ബെരും ഞെണ്ട്
കിരയാതെ നാ ച്ചട്ടു തരാം.
കുത്തക തീരാതെ
ബെല്ലി കിട്ടാതെ
ഇഞ്ചു പട്ടിണി ഉറാങ്കിപ്പോവോം
ബാവോം ബാവോം[39]

## ബെള്ളൂരമ്മയുംബെള്ളൂരച്ചനും ഗോത്രാടിമത്തത്തിന്റെ മൊത്തദൈവങ്ങൾ

ബള്ളൂർക്കാവിലെ അമ്മദൈവവും അച്ഛൻ ദൈവവും അടിമത്തത്തെ സാക്ഷിയായി വെയ്ക്കുമ്പോൾ ഗോത്രാംഗം ഒരു പ്രതിജ്ഞയെടുക്കുക പതിവുണ്ട്. തലപ്പണം വാങ്ങിയ ഉടനെ പാടുന്ന പാട്ടിനെക്കുറിച്ച് കാക്കപ്പെലപ്പാട്ടിൽ പ്രതിപാദിക്കുന്നു.

ബെള്ളൂർക്കാവ് പകേതിയ്ക്ക്
ജെമ്മായിട്ടുള്ള പാദത്തില്
മൂവായിരം വിത്ത് വിതയ്ക്കാനുണ്ട്
ചിന്നനെ പിടിച്ച് കെട്ടുന്നല്ലോ
പറയുന്നു ചിന്ന അന്നേരം
എന്നെ ഒന്നും ചെയ്യാറ് ബെള്ളൂരച്ചാ
ബെള്ളൂരടിമയായ് നിന്ന് ചിന്ന്
കൊല്ലത്തിൽ ബെള്ളൂറ് കൊണ്ട് വന്ന്[40]

ബെള്ളൂരക്കാവമ്മയുടെ ദേവസ്വംഭൂമിയിൽ മൂവായിരം വിത്ത് വിതയ്ക്കാൻ ചിന്നനെന്ന പണിയനെ തലപ്പണം നൽകിയിരിക്കയാണ്. ബെള്ളൂരച്ചനെ സാക്ഷിയാക്കി താൻ തന്റെ ജോലി ചെയ്യാമെന്ന് ചിന്നൻ ഏൽക്കുന്നു. തന്നെ കോപത്താൽ ദ്രോഹിക്കരുതേയെന്നും ചിന്നൻ അപേക്ഷിക്കുന്നുണ്ട്.

### കമ്പളമെന്ന ചൂഷണം

ജന്മിയുടെ പാടത്ത് നെല്ല് കൊയ്ത്ത് പെട്ടെന്നു തീർക്കാനാണ് കമ്പളം വിടുക നടത്തുക. ജന്മി കൽപ്പിക്കുമ്പോൾ മൊതലി പണിയരെയും അടിയരേയും തച്ചനാടരെയുമെല്ലാം കൂട്ടിനു വിളിക്കുന്നു. എല്ലാവരും ചേർന്ന് കമ്പളപ്പാട്ടുകൾ പാടിയും നൃത്തമാടിയും തുടി കൊട്ടിയും പണി എളുപ്പത്തിലാക്കുന്നു. പത്തുദിവസത്തെ പണി പത്തുമണിക്കൂറിൽ തീർക്കുന്നു. കമ്പളദിവസം ജന്മി എല്ലാർക്കും സദ്യ നൽകും. പണി തീർന്നില്ലെങ്കിൽ രാവെളുക്കോളം നീളും രാത്രിയിൽ ഉണ്ടാക്കിയ കഞ്ഞി മഞ്ഞത്ത് വെച്ച് കേടുവരാതെ സൂക്ഷിക്കുന്നു. പുലർച്ചെ എണീറ്റ് ഈ കഞ്ഞി വയറുനിറയെ കഴിയ്ക്കുന്നു. മഞ്ഞു കഞ്ഞിയെന്നാണിത് അറിയപ്പെടുന്നത്.

കമ്പള ചോറുക്കു കമ്പള കറി
കുത്തരി ചോറുക്ക് താളുണ തടെ
മഠത്തിലെ മാരുക്കോ നാരങ്ങ കണ്ട കണ്ട[41]

സദ്യയ്ക്ക് നല്ല വിഭവങ്ങൾ നൽകാതെ ചേമ്പിന്റെ തടയും കാട്ടുമത്തനും നാരങ്ങക്കറിയും തങ്ങൾക്കു നൽകുന്ന ജന്മിയെ പരിഹസിച്ച് പാടുന്നതാണിത്. അടിമത്തൊഴിലാളികൾക്ക് അവകാശവും ഭക്ഷണവും മാത്രമല്ല ചികിത്സയും

നിഷേധിക്കപ്പെട്ടിരുന്നു.അതും പാട്ടിനു പ്രമേയമാണ്.

ചാത്തിന തന്തക്ക നെച്ചിലി
കുത്തു കുത്തു
ചാത്തിന തായിക്ക് പള്ളലി
കടി കടി
മണ്ണറു കലക്കിഅയാങ്കുട്ടിയുറു ഊട്ടി
കൊയ്ച്ചല്യ വർത്തനു ചീച്ചി ഉറു ചീച്ചി[42]

ചാത്തിയുടെ അപ്പനുമമ്മയ്ക്കും രോഗമാണ് ഒരാൾക്ക് തലവേദന മറ്റെയാൾക്ക് വയറു വേദന. വെണ്ണീറു കലക്കിക്കുടിക്കാനും ഉള്ള നുറുക്ക് അരി കൊണ്ട് വെച്ച കഞ്ഞി കൊടുക്കാനും പറയുന്നു. കൃത്യമായ ചികിത്സയോ ഭക്ഷണമോ പോലും പണിയർക്ക് കിട്ടുന്നില്ല. പ്രായമായ അപ്പനമ്മമാരെ നോക്കാനോ മുലകുടി കുഞ്ഞുങ്ങളെ നോക്കാനോ സമയവുമില്ല.

### മരണശേഷവും തുടരുന്ന അടിമത്തബന്ധം

മരണശേഷം പൂർവ്വികലോകത്ത് തങ്ങളുടെ ജീവിതം തുടരുമെന്നാണ് ഗോത്ര മതവിശ്വാസം. എല്ലാ ഗോത്രങ്ങളെയും പോലെ പണിയനും അതു വിശ്വസിക്കുന്നു. ഈ ജീവിതത്തിന്റെ തുടർജീവിതമായതിനാൽ മരണശേഷം വരുന്ന ജന്മത്തിലും അടിമത്തം തുടരും. ഭൂമിയിലെ അതേ ജന്മിയുടെ താവഴികുടുംബം തന്നെയായിരിക്കും മൃതലോകത്തിലും പണിയന്റെ ജന്മി.

മറ്റുഗോത്രങ്ങളെപ്പോലെ കുലങ്ങൾക്കിടയിൽ അധികാരക്കളികൾ പണിയഗോത്രം പുലർത്താറില്ല.

### തച്ചനാടൻ മൂപ്പനും അടിമത്ത തൊഴിലും

റാവുളരും പണിയരും അനുഭവിച്ചതു പോലെത്തന്നെ ഭയാനകമായ രീതിയിൽ അടിമത്തൊഴിലിലേർപ്പെടേണ്ടി വന്നവരാണ് തച്ചനാടൻ മൂപ്പൻ ഗോത്രങ്ങൾ. മേപ്പാടി, റിപ്പൺ, കൽപ്പറ്റഭാഗങ്ങളിലെ പാടികളിലാണ് ഈ ഗോത്രം അധിവസിക്കുന്നത്. 2002 -ലെ ഭരണഘടനാഭേദഗതി വരെ പട്ടികഗോത്രമായി തച്ചനാടർ അംഗീകരിക്കപ്പെട്ടിരുന്നില്ല. ജാതിഹിന്ദുക്കൾക്കൊപ്പം മുഖ്യധാരക്ക സമീപത്തായി അവർ ജീവിച്ചുപോന്നു.

ബെള്ളൂർക്കാവായിരുന്നില്ല ഇവരുടെ പ്രതിജ്ഞാസ്ഥലം. കരിയാത്തനും മഞ്ഞളാം പോതിയ്ക്കും സാക്ഷ്യം വെച്ചാണ് അവർ ജന്മിമാർക്ക് കീഴ്പ്പെട്ടിരുന്നത്. വർഷാവർഷം ഇത് പുതുക്കേണ്ടതില്ല. ജന്മ അടിമയാണ് ഓരോ തച്ചനാടനും. പക്ഷെ ജന്മിയെ ധിക്കരിച്ചാൽ ദൈവമായിരിക്കും മറുപടി

പറയുക.

മറുവീട്ടു നായൻമാർ, പുല്ലൂർ നായന്മാർ, അത്തിവട്ടം ചെട്ടിമാർ, മനവയൽ ചെട്ടിമാർ, കണ്ടൂർ തമ്പുരാൻ, കോട്ടത്തമ്പുരാൻ, മണിക്കുന്നു കോട്ടത്തമ്പുരാൻ, വടകരചെട്ടി, നിലമ്പൂർ കോവിലകം തമ്പുരാൻ എന്നിവർക്കു കീഴിൽ ഓരോ കുലങ്ങൾ ജോലിചെയ്യുന്നു. കുന്ന് എന്നാണ് മാതൃദായകമായ കുലങ്ങൾ അറിയപ്പെടുന്നത്. ചാലി എന്ന് ഫ്രാറ്ററികളും അറിയപ്പെടുന്നു. മൂപ്പനും ളേപ്പനും ചേർന്നു രണ്ട് താവഴികളായിപ്പിരിയുന്നു.[43]

ജന്മിമാർ ബ്രിട്ടീഷ് കാലഘട്ടത്തിൽ തേയിലത്തോട്ടങ്ങളിലേക്ക് തച്ചനാടനെ പാട്ടത്തിനു കൊടുത്തു. എസ്റ്റേറ്റുകളിലെ കൊളുന്ത് നുള്ളലും ജന്മിയുടെ വീട്ടിലെ അധികജോലിയും ചെയ്ത് തച്ചനാടന്മാർ തളർന്നു. കൃത്യമായ കൂലിയോ ബെല്ലിയോ വിശ്രമമോ ഇവർക്ക് ഉണ്ടായിരുന്നില്ല.

### അടിമ-ഉടമ, ഗോത്രം-ജാതി ദ്വന്ദ്വങ്ങളിലെ കുറിച്യഗോത്രം

കുറിച്യർ ദുർബലരായ ഗോത്രങ്ങളെ അടിമകളും അടിമവേലക്കാരാക്കുകയും സ്വന്തംജോലികൾക്ക് ഉപയോഗിക്കുന്നതായും അതേസമയം തന്നെ ഇവർ ചില നായർസമുദായങ്ങൾക്ക് വഴക്കപ്പെട്ടും അധീനപ്പെട്ടും നിൽക്കുന്നതായും കാണാം. കൃഷി, വേട്ടയാടൽ, ജനനം, വിവാഹം, തിരണ്ടു കല്യാണം, മരണം ഇവയ്ക്കെല്ലാം കുറിച്യന്റെ ജന്മിയുടെ അനുമതിയും അനുഗ്രഹവും വേണം. തുലാപ്പത്ത് വേട്ടയ്ക്ക് പോകുമ്പോൾ ജന്മിനായർക്ക് ആയുധപൂജ ചെയ്തു കത്തിയമ്പിൽ ഒന്ന് കൊടുത്ത് അനുഗ്രഹം വാങ്ങുക വേട്ടസംഘത്തിന്റെ പതിവാണ്. ശേഷം നായർ തന്റെ കുറിച്യന്മാർക്ക് വിശേഷപ്പെട്ട സദ്യ നൽകുന്നു. ആ നായാട്ടിൽ കിട്ടുന്ന പന്നിയോ പുലിയോ എന്തോ ആകട്ടെ അതിന്റെ തല തന്റെ അധികാരിയായ ജന്മിനായർക്ക് കുറിച്യർ നൽകുന്നു[44]. അതേസമയം കുറിച്യർ തന്റെ സഹഗോത്രങ്ങളായ അടിയർ, പണിയർ, കാടർ, കാട്ടുനായ്ക്കർ എന്നിവരെ അടിമവേലക്കാരായിക്കാണുകയും അവരോട് അയിത്തം പാലിക്കുകയും ചെയ്യുന്നു. 2019-ൽ അടക്കം ജോലിക്കു വരുന്ന അടിയ,പണിയഗോത്രങ്ങളോട് വളരെ മോശമായി പെരുമാറിയ ഭ്രുവുടമകളെ കാണാൻകഴിഞ്ഞു. കമ്പളനാട്ടിയ്ക്കും തുലാപ്പത്തിനും ഈ അടിമകൾക്ക് തൊടിയിൽ കുഴികുത്തി കുവയില അതിൽ കുമ്പിളുകുത്തി കഞ്ഞിവീഴ്ത്തുന്ന ഒരു ദുരാചാരം പല ഗോത്രാംഗങ്ങളും വളരെ സ്വാഭാവികമായാണ് സ്വീകരിച്ചത്. ഇതൊക്കെ ചടങ്ങിന്റെ ഭാഗമാണ് എന്ന വിശ്വാസം ഉടമയേക്കാൾ അടിമയായ ഗോത്രത്തിലെ വ്യക്തികൾക്കുണ്ടായിരുന്നു.

### കുറിച്യന്മാരിലെ അടിമത്തം താവഴിയടിയാളത്തം, ഉടമത്തം

കുറിച്യഗോത്രത്തിന്റെ സാമൂഹ്യഘടനയുടെ അകത്തും അടിമ -ഉടമബന്ധങ്ങൾ കാണാമെന്നതാണ് അത്ഭുതകരമായ വസ്തുത. കുറിച്യഗോത്രം രണ്ട് ഉപഗോത്രങ്ങളായി (sub tribe) വിഭജിക്കപ്പെട്ടിട്ടുണ്ട്. വയനാടൻ മേഖലയിലെ കുന്നം കുറിച്യരും താഴെ കണ്ണവം വനദേശത്തെ കണ്ണവം കുറിച്യരും. വയനാട്ടിലെ കുറിച്യർമാർ മോയിറ്റി (moiety) യായി വിഭജിക്കപ്പെട്ടിരിക്കുന്നു. ബന്ധു, പന്തി എന്നിങ്ങനെയുള്ള ഈ മോയിറ്റികൾക്ക് പരസ്പരം വിവാഹബന്ധത്തിലേർപ്പെടാം. എന്നാൽ ബന്ധുവിനകത്തെ ക്ലാനുകളിലെ അംഗങ്ങൾ തമ്മിൽ വിവാഹം നിഷിദ്ധമാണ്. തറവാട് എന്നാണ് ഈ കുലങ്ങൾ അഥവാ ക്ലാനുകൾ അറിയപ്പെടുന്നത്. ഈ കുലങ്ങളും തട്ടുതട്ടായി വിഭജിക്കപ്പെട്ടിരിക്കുന്നു. ചില കുലാംഗങ്ങൾ അതിശക്തമായ അധീശശക്തി മറ്റു കുലാംഗങ്ങളോട് കാണിക്കുന്നു. വേട്ടയാടൽ,മറ്റ് ആചാരാനുഷ്ഠാനങ്ങളിലെല്ലാം ചിലകുലങ്ങൾ ഉന്നതരായി കണക്കാക്കപ്പെടുന്നു. അവർ ഗോത്രത്തിന്റെ അധികാരികളുമായിത്തീരുക സ്വാഭാവികം മാത്രം. കരിമ്പിച്ചി, തലക്കര, പാലോട്ട്, വേമോത്ത് കുലങ്ങൾ പ്രതാപികളാണ്.

മറ്റൊരു തലത്തിലും കുറിച്യർക്കിടയിൽ ഈ അധികാരപ്രയോഗം ഗംഭീരമായി പ്രവർത്തിക്കുന്നുണ്ട്. അത് താവഴികൾ അഥവാ ലീനിയേജുകൾക്ക് ഇടയിലാണ്. ഈ താവഴികൾ കുടുംബം എന്നറിയപ്പെടുന്നു.[45] മൂന്ന് കുടുംബങ്ങളായി ഈ താവഴികൾ പിരിയുന്നു. അവയിൽ ഏറ്റവും ഉയരത്തിൽ കാർന്നോൻ/മൂപ്പ് അഥവാ ഒന്നാം കൂറ്, അന്ത്രോൻ അഥവാ രണ്ടാംകൂറ്,മൂന്നാം കൂറ് എന്നിവയാണ്. ഇതിൽ മൂന്നാംകൂറുകാരെ പലതരം ജോലികൾക്കും ഭൃത്യവൃത്തിക്കും ഒന്നാം കൂറുകാരൻ നിയോഗിക്കും. ഗോത്രപരമായി ഒന്നാംകൂറിന്റെ അടിമകുടുംബമാണ് മൂന്നാംതാവഴി. ആന്ത്രോന്മാർ കാര്യസ്ഥന്മാരെപ്പോലെ കാര്യങ്ങൾ നോക്കിയും കണ്ടും നടത്തുന്നു. തലക്കര കുലത്തിൽ കാർക്കോട്ട് തലക്കറ മൂപ്പാണ്. കാര്യസ്ഥപ്പണിക്കും കയ്യാളുപണിക്കുമായി രണ്ടാംകൂറ് ആന്ത്രയോനായ ആന്നിത്തലക്കറയും ഏറ്റവും അടിയിലെ ജോലികൾ ചെയ്യാൻ മൂന്നാംകൂറുകാരനായ കൊട്ടമിത്തലക്കറയും ഉണ്ട്. കരിമ്പിച്ചി ഗോത്രത്തിലാകട്ടെ കല്ലറ കരിമ്പിച്ചി, മട്ടിളം കരിമ്പിച്ചി, കൊടങ്ങേല കരിമ്പിച്ചി എന്നിങ്ങനെയാണ് ശ്രേണീവിഭജനം. മൂന്നാം കൂറുകാരാണ് ഒന്നാംകൂറിനു ശുദ്ധി വരുത്തേണ്ടുന്നത്. വലിയവനെ വിശുദ്ധീകരിക്കുന്നതും അവന്റെ അഴക്കുകളെയും ശാപങ്ങളേയും ഇല്ലായ്മ ചെയ്ത് ഒരു വർഷത്തേക്ക് മിറ്റത്ത് ഐശ്വര്യം കൊണ്ടു വരേണ്ടുന്ന പുളിം കൊടയലും പുളിം കുടിക്കലും ആചാരപരമായി ഒന്നാംകൂറുകാരനു മൂന്നാംകൂറുകാരൻ ചെയ്യുന്ന അടിയാള വൃത്തിയാണ്.

കുറിച്യന്മാർ മാതൃദായകരീതിയിൽ കൂട്ടുകുടുംബമായി ജീവിക്കുന്നവരാണ്. സ്വത്തുക്കൾ തറവാടിന്റെ സ്വന്തമായതിനാൽ വിഭജിക്കപ്പെടാത്ത ധാരാളം ഭൂമി അവർക്കുണ്ട്. കുടുംബാംഗങ്ങളും കുഞ്ഞുകുട്ടികളും ജോലി ചെയ്താലൊന്നും തീരാത്തത്ര വിശാലമായ ഈ ഭൂമിയിൽ ജോലിക്കായി കാടർ, റാവുളർ, പണിയർ, കാട്ടുനായ്ക്കർ എന്നിവരെ അടിമത്തകരാർ ജോലിക്കാരായി വെയ്ക്കുന്നു. മറ്റു ജാതിക്കാരായ മേലാളന്മാരെപ്പോലെതന്നെ യാതൊരുവിധ അലിവോ കനിവോ അടിമയാക്കിയ സഹഗോത്രാംഗങ്ങളോട് കുറിച്യർ കാണിക്കാറില്ല. വയൽപ്പണികൾക്ക് വ്യാപകമായി ഉപയോഗിക്കുകയും കുറഞ്ഞ കൂലി നൽകുകയുംചെയ്യുന്നു. അനൗദ്യോഗികമായി ഇപ്പോഴും വയലുകളിൽ ഈ അടിയാള-ഉടമ ബന്ധം ദൃശ്യമാണ്. കുറിച്യരുടെ കൃഷിപ്പണിയ്ക്കൊപ്പം വനവിഭവങ്ങൾ ശേഖരിക്കുവാനും മീൻ, പക്ഷിപിടുത്തം, നായാട്ട് എന്നിവയ്ക്കായും മറ്റു ഗോത്രങ്ങളെ ഉപയോഗിക്കുന്നു. കുഞ്ഞോം ദേശത്ത് ജന്മിയായ കുറിച്യന്റെ അധീശത്വത്തിൽ ക്ഷുഭിതരായ കാടന്മാർ കുറിച്യർ അറിയാതെ കുരങ്ങ് മാംസം നൽകി. ഇത് കണ്ടെത്തിയപ്പോൾ കാടന്മാരെ കൂട്ടമായി അടിച്ചോടിക്കയും അവർ പലായനം ചെയ്യുകയും ചെയ്തു[46].

## ബെട്ടക്കുറുമരും അടിമത്ത തൊഴിലുകളും

കേരളത്തിലെ ഒരേയൊരു ആർട്ടിസാൻ ഗോത്രമാണ് ബെട്ടക്കുറുമരുടേത്. വെട്ടക്കുറുമനെന്ന് ഔദ്യോഗികമായും ഊരാളിക്കുറുമനെന്നു അടിയാളരായും ഈ ഗോത്രം അറിയപ്പെടുന്നു.

ലോഹങ്ങളായ ഇരുമ്പ്, ചെമ്പ്, വെള്ളി സ്വർണ്ണം എന്നിവയുടെ പരിപാടി, മരപ്പണി, കല്ലാശാരിപ്പണി, കലനിർമ്മാണം, കൊട്ടവട്ടി പുൽനെയ്ത്തുകൾ,ക്ഷൗരവൃത്തി, കക്കനീറ്റൽ, പാചകം,കെദ്ദ എന്നിങ്ങനെ വ്യത്യസ്തമായ മേഖലകളിൽ നൈപുണ്യമുള്ളവരായിരുന്നു ഈ ഗോത്രം. വയനാട്ടിലെ മറ്റു ഗോത്രങ്ങൾക്കാവശ്യമായ ആയുധങ്ങൾ,ആഭരണങ്ങൾ, അടുക്കളയുപകരണങ്ങളെല്ലാം ഉണ്ടാക്കിയിരുന്നത് ബെട്ടക്കുറുമരാണ്.

ബുദ്ധിയും സിദ്ധിയും നൈപുണിയുമുള്ള ഈ ഗോത്രാംഗങ്ങൾക്ക് ജന്മിമാർ ഉണ്ടായിരുന്നുവെന്ന് അജ്ജനമാർ ഓർത്തു പറയുന്നു. എന്നാൽ ബ്രിട്ടീഷുകാരുടെ വരവോടെ ബെട്ടക്കുറുബരെ അവർ തങ്ങളുടെ വരുതിയിലാക്കി. മരപ്പണിയറിയുന്നതിനാൽ മരംവെട്ടാനും മറ്റും ഉപയോഗപ്പെടുത്തി. തേക്കു തോട്ടങ്ങൾ നിർമ്മിക്കാനും ആനയെ വേട്ടയാടാനും ഇണക്കാനും തടിപ്പണിയെടുപ്പിക്കാനും ഒക്കെ ബെട്ടക്കുറുമരെ ഉപയോഗപ്പെടുത്തി. മാനന്തവാടിയിലും കുട്ടയിലും സമീപത്തുമൊക്കെ കാണുന്ന ഇരുമ്പുപാലവും

മരപ്പാലവുമൊക്കെ ബെട്ടക്കുറുമരുടെ പൂർവ്വിക അജ്ജന്മാർ നിർമ്മിച്ചതാണ്. കുറിച്യരുമായും കുറുമരുമായും പോരാട്ടത്തിലേർപ്പെട്ട സമയത്ത് അവർക്കു ലഭിച്ചിരുന്ന അമ്പ് വില്ലുകൾ, മറ്റായുധങ്ങൾ നിർമ്മിക്കുന്നതിനു ബെട്ടക്കുറുമരെ തടസ്സപ്പെടുത്താനവർ ശ്രമിച്ചു. തേക്കു തോട്ടങ്ങൾ ഉണ്ടാക്കാൻ ഓരോ കുടുംബത്തിനും കാടുകൾ നൽകി. അവിടം വെട്ടിത്തെളിച്ച് പാകപ്പെടുത്തി മേക്കടിക്കുന്നു.തേക്കുകൾ നട്ടു പിടിപ്പിക്കുന്നു. തേക്കുതോട്ടത്തിനുള്ളിൽ തന്നെ കീറെകൾ എന്ന കുടിലുകൾ കെട്ടി കുടുംബത്തോടൊപ്പം തോന്റി[47] കൃഷി ചെയ്തും വിഭവങ്ങൾ ശേഖരിച്ചും അവർ താമസിച്ചു. തേക്കുതൈകൾ ഒന്നു ആരോഗ്യവാന്മാരായാൽ ഇംഗ്ലീഷുകാർ അടുത്തയിടത്തേക്ക് ബെട്ടക്കുറുബരെ കൊണ്ടു പോയി. പണ്ടു കാലത്ത് ഞങ്ങൾ ബ്രിട്ടീഷുകാരുടെ കാരായ്മക്കാരൻ ആയിരുന്നു. അവർ കാണിച്ചു തന്ന ഭൂമിയിൽ കാരായ്മ ചെയ്ത് ഞങ്ങൾ ജീവിച്ചു. കാറാളന്മാർ എന്ന നിലയ്ക്ക് ഭൂമിയിൽ എന്തും നടാമായിരുന്നു. എന്നാൽ അതു മുറിയ്ക്കാൻ ഞങ്ങൾക്ക് അവകാശമുണ്ടായിരുന്നില്ല. എത്രവേണമെങ്കിലും കായകൾ പറിക്കാനും ഇലയോ തേനോ ശേഖരിക്കാനും ധാന്യങ്ങൾ വിളയെടുക്കാനും പറ്റുമായിരുന്നു"[48]

## മുള്ളുക്കുറുമന്റെ ഊരാളിമാർ

മുള്ളുക്കുറുമഗോത്രത്തിന്റെ അടിയാളൻമാരാണ് എന്ന നിലയ്ക്കാണ് ബെട്ടക്കുറുബർ ഊരാളികൾ എന്നറിയപ്പെടുന്നത്. ഉച്ചാലിനു മദ്പ്പെരയിൽ മുത്തശ്ശിയമ്മയ്ക്കു മുമ്പിൽ വെച്ച് ആയുധം നൽകി ബെല്ലി വാങ്ങുകയും സദ്യ വാങ്ങുകയും ചെയ്ത് ഊരാഴ്മ ഉറപ്പിക്കുന്നു. മുള്ളുക്കുറുമർ ബെറ്റ അടയ്ക്കയും കെല്ലപ്പട്ടും ഭക്ഷണമായി നൽകും.ഉച്ചാൽദിവസം ഉച്ചാറാട്ട് നടത്തുകയും കളാൾ വായിക്കുകയും ചെയ്ത് മദിച്ച് മുത്തശ്ശിയമ്മയെ ആഹ്ലാദവതിയാക്കും. മുള്ളുക്കുറുമന്റെ പാടത്ത് പണി എടുക്കുകയും ആയുധങ്ങൾ, ഉപകരണങ്ങൾ, അടുക്കളവസ്തുക്കൾ ഉണ്ടാക്കി നൽകുകയുമാണ് ബെട്ടക്കുറുമന്റെ ജോലി.

## ബെട്ടക്കുറുമഗോത്രത്തിനകത്തെ അധികാരരീതികൾ

ഓലി എന്ന ഫ്രാറ്റെറിയും കീരെ എന്ന ക്ലാനുമാണ് ബെട്ടക്കുറുമ ഘടനയുടെ പ്രത്യേകത. ഇതിന്റെ അധികാരികൾ മേഗാള്ൺമാർ എന്നറിയപ്പെടുന്നു. ഐതോളി എന്ന ഫ്രാറ്റെറിയ്ക്ക് ഉയർന്ന പദവിയുണ്ട്. അതിലെ മേഗാള്ൺ ജനുവാർ മേഗാള്ൺ എന്നറിയപ്പെടുന്നു. ഇദ്ദേഹമാണ് ഗോത്രത്തലവൻ. കൾക്കീർ കീരെക്കാരെ ഏറ്റവും താഴെയായി കരുതി നന്നായി ജോലി ചെയ്യിക്കയും ചെയ്യുന്നതായി കാണാം.

സഹഗോത്രങ്ങളായ കാട്ടുനായ്ക്കൻ, പണിയൻ, റാവുളർ എന്നിവരെ ബെട്ടക്കുറുമൻ അടിയാളരാക്കുന്നു. കേരളത്തിലെ ഗോത്രാടിമത്തമെന്നത് അത്യധികം സങ്കീർണ്ണവും ബഹുവിധതലങ്ങളുള്ളതുമായ ഒന്നാണ്. പല അടരുകളായി അത് പ്രവർത്തിക്കുന്നു. ബാഹ്യമായും ആന്തരികമായും പ്രവർത്തിക്കുന്നു. ലംബമായും തിരശ്ചീനമായും മൂന്ന് വ്യത്യസ്തതലങ്ങളിലും പ്രവർത്തിക്കുന്നു. ഒരേ ഗോത്രം തന്നെ അടിമയായും അടിയാളനായും കാറാളനായും കുടിയാനായും ഉടമയായും ഊരാളിയായും പൊതുവാളനായും മാറുന്നു. അടിമത്ത തൊഴിൽ, അടിയാളർ എന്നതിനുമൊക്കെ അപ്പുറത്ത് യഥാതഥമായ അടിമത്തം തന്നെയാണ് പല ഗോത്രങ്ങൾക്കും വർഷങ്ങളായി നേരിടേണ്ടി വന്നത് എന്നതാണ് വാസ്തവം. സാമൂഹികമായും സാംസ്കാരിക മായും ആരോഗ്യപരമായും വ്യക്തിപരമായുമൊക്കെ വലിയ ഒരു വിഭാഗം ജനങ്ങളെ ഇത് സാരമായി ബാധിച്ചു. സാമൂഹ്യവികസനപ്രക്രിയയിൽ നിന്നും ആ സമൂഹങ്ങൾ പുറന്തള്ളപ്പെട്ടു.

ഗോത്രവിശ്വാസങ്ങളും പുരാവൃത്തങ്ങളും ആചാരാനുഷ്ഠാനങ്ങളും ആന്ത രികമായ ഗോത്രവിരുദ്ധതയോടെ ഈ അടിമത്താവസ്ഥയെ സാധൂകരിച്ചു കൊണ്ടേയിരുന്നു. ജാതിഹിന്ദുത്വത്തിന്റെ ഇടപെടലാൽ മതം, തന്റെ ഉടമയെ ദൈവമായിക്കാണാനും കണക്കാക്കാനുമൊക്കെയുള്ള പരിശ്രമങ്ങൾ നിതാ ന്തമായി ആരംഭിച്ചുവെന്നുംതുടർന്നുവെന്നും വേണം മനസ്സിലാക്കാൻ.

പുരാവൃത്തങ്ങളെ പുനർനിർമ്മിച്ചും വളച്ചൊടിച്ചും അടിമത്തത്തെ സ്വാഭാവികമായ ഒരു സാമൂഹ്യാവസ്ഥയായി മാറ്റാനുള്ള ശ്രമം വൻ വിജയ മായിരുന്നുവെന്നു വേണം പറയാൻ. ജനാധിപത്യത്തെ തകർത്തും മനുഷ്യ മൂല്യങ്ങൾ കടപുഴക്കിയും ചൂഷണമെന്നത് ദൈവഹിതമെന്നു വരുത്തിയും ഗോത്രങ്ങളെ മുഖ്യധാര ഉപയോഗിച്ചു കൊണ്ടേയിരുന്നു. മറുവശത്ത് ഇതേ മിത്തുകൾ അടിമകളെ ആശ്വസിപ്പിച്ചു.വിശ്വാസത്തിൽ മുളപ്പിച്ചെടുത്ത ചൂഷ ണന്യായീകരണങ്ങൾ വേദനകളെ മാറ്റാനായി ഉപകരിക്കുമെന്നു പറഞ്ഞ് അവരെ തഴുകി. പക്ഷെ യഥാർത്ഥത്തിൽ ജന്മിയുടെയും അധികാരിയുടെയും രാഷ്ട്രീയത്തെ മനഃപൂർവ്വമായി സമൂഹത്തിൽ ഉറപ്പിക്കുകയാണ് ഇവ ചെയ്തത്. ഫാഷിസ്റ്റ് ഇടങ്ങളിലെ പ്രൊപ്പഗാൻഡാ സാഹിത്യങ്ങളെപ്പോലെയുള്ള ധർമ്മങ്ങൾ പുരാവൃത്തങ്ങൾ വളരെ വൃത്തിയായിത്തന്നെ നടപ്പിലാക്കി. പാട്ടിലൂടെയും കഥയിലൂടെയും മറ്റു വിശ്വാസസംഹിതകളിലൂടെയും അടിമത്ത യുക്തിക്കായവ നിലകൊണ്ടു. ആൽബെർട്ട് കമ്യൂ ദി ഫാളിൽ പറഞ്ഞതു പോലെ, എല്ലാവരും സമൂഹത്തിന്റെ എല്ലാ തട്ടുകളും ഈ അടിമത്തത്തെ

ഹൃദയപൂർവ്വം അനുഭവിക്കുകയും ആഹ്ളാദിക്കുകയും ചെയ്തു.

## കുറിപ്പുകൾ

1. പഴശ്ശിരാജാവ്.
2. ചാക്കോ കണ്ണാട്ടുമോടി, 83.
3. വേമോത്ത് നമ്പ്യാർ പി.കെ. കാളന്റെ ഭാഷയിൽ.
4. പയിങ്ങാട്ടിരി പട്ടന്മാർ.
5. ചേരങ്കോട്ട് തറവാട്ടിലെ നമ്പിടി.
6. മാത്തൂർ 77.
7. ഗോപാലകൃഷ്ണൻ, 416.
8. അസീസ് തരുവണ, 181.
9. കെ.ജെ. ബേബിയുടെ മാവേലിമന്റത്തിന്റെ ഒടുക്കം ചേർത്തിരിക്കുന്ന കോടതിരേഖ.
10. റേച്ചൽ സന്തോഷ്, 96.
11. ഒരു സേർ-ഒരു ലിറ്റെർ.
12. അസീസ് തരുവണ 181.
13. ഇലകൾ
14. മരംകൊണ്ട് നിർമ്മിക്കുന്ന ശക്തമായ ഉരൽ. കരനെല്ലിനു ശക്തിയേറെയാണ്.
15. തേക്ക്ചെടികൾ കയറുപയോഗിച്ച് അടയാളപ്പെടുത്തി കുഴിച്ചിടുന്ന ജോലി.
16. കാട്ടാനയെ വാരിക്കുഴി വെച്ച് വീഴ്ത്തി ഇണക്കുന്നതാണ് കെദ്ദ.
17. പാന്തൂർ, 99.
18. ദേശാഭിമാനിപത്രം, സെപ്തംബർ 7, 2015.
19. മൂടസീമലിന്നു മലയാളാ സീമഗെ

    വറുവന്തകാല ദെല്ലിയേനു?

    ഐശ്വര്യ ഉണ്ടു യേനു വൈബോഗവുണ്ടു

    എടഗെ നോട്ദ് റെക്കെ വ്ള്ള

    ബലെഗെനോട് ദരെ കത്താലെ

    യേനു ഔശ്വര്യയില്ലെ, പൂവില്ലെ

    ഗന്ധയില്ലെ,ഗാരിത്തിയില്ലെ
20. എം.ആർ. പങ്കജാക്ഷൻ, 263.
21. വീട്
22. എം ആർ പങ്കജാക്ഷൻ, 270.
23. ടി. മാധവമേനോൻ, 337.

24. അതേപുസ്തകം, 337.
25. കർണ്ണാടകം
26. കാക്കപ്പുല എന്ന മരണാനന്തര ചടങ്ങുകളിൽ മൂളുന്ന
27. ബെട്ടക്കുറുബർ റാവുളരെ അഭിസംബോധന ചെയ്യുന്നത് കെനായിന്റ് എന്നാണ്
28. പണിയർ
29. ഇന്ദു മേനോൻ
30. വിശ്വനാഥൻനായർ, 16.
31. നെല്ല് കൊയ്ത്തും ഒക്കലും കഴിഞ്ഞ് നൽകുന്ന സമ്മാന നെല്ല്.
32. കോറയുടെ ഡബിൾ മുണ്ട്.
33. സി. ഗോപാലൻ നായർ, 92.
34. രേച്ചൽ സന്തോഷ്.
35. അരയ്ക്ക മുകളിൽ സഹോദരി സഹോദരർ അരയ്ക്ക താഴെ ആണും പെണ്ണും .
36. 2000-ത്തിൽ നടത്തിയ ഫീൽഡ് വിസിറ്റിൽ ചൊട്ടൻ, ബൊളുക്കൻ എന്നീ ആവേദകർ നൽകിയ പുരാവൃത്തം
37. പണിയസ്ത്രീയ്ക്ക് ഞാറു പറിക്കാനായി വീതിച്ച് നൽകുന്ന സ്ഥലം. ഇത് നടന്നു കാണിക്കുന്നു. ഇതിനെ കുത്തക ചവിട്ടിക്കൊടുക്കുക എന്നു പറയും.
38. നിൽക്ക് നിൽക്ക് ഇവിടെ ഞാറു പൊരിച്ച് തീർന്നിട്ടില്ല.അതിനു മുമ്പേ കുട്ടിയ്ക്ക് അമ്മിഞ്ഞപ്പാലു കൊറ്റക്കാൻ വിളിക്കുന്നു. കുത്തക തീരാതെ പോയാൽ വല്ലിയും തരില്ല. കൂലിയും തരില്ല. നമ്മൾ പട്ടിണിയാകും. കുട്ടി ഇത്തിരി കരയട്ടെ. 2000ത്തിലെ ഫീൽഡ് സ്റ്റഡിയിൽ പൊഞ്ഞെ പാടിയത്.
39. ഞണ്ട് കൊണ്ടു വരാമെന്നു ആശ്വാസം പറയുന്നതുപ്പം അമ്മയുടെ ജോലിയുടെ കാഠിന്യവും പാടുന്നു.
40. പി.കെ., കാളൻ പാടിയത്.
41. ആവേദകർ ഹരിത എം., രശ്മി സതീഷ്.
42. ആവേദകൻ കരിയൻ, 2015-ലെ ഫീൽഡ് വർക്ക്.
43. ഇന്ദു മേനോൻ.
44. കുഞ്ഞോം ദേശത്തെ കുറിച്യതലവനായ അച്ചപ്പൻ എന്ന ആവേദകനുമായ് നടത്തിയ 2018ലെ അഭിമുഖം.
45. 2017, 2018, 2019-കളിൽ വയനാട്ടിൽ നടത്തിയ ഗവേഷണത്തിൽ ശേഖരിച്ച വിവരങ്ങൾ.
46. ആവേദകരായ തലക്കര ബാലൻ, ആന്നി കുഞ്ഞാമൻ എന്നിവരുമായി 2018 തിൽ നടത്തിയ അഭിമുഖം.
47. റാഗി.
48. കുപ്പോശ് അജ്ജൻ കാള്ൺമായി 2005 - ൽ നടത്തിയ അഭിമുഖം.

## ആധാരസൂചി

1. അസീസ് തരുവണ, അടിമത്ത നിരോധനത്തിന്റെ 30 ആണ്ട് കഴിഞ്ഞിട്ടും അടിമത്തം അവസാനിച്ചിട്ടില്ല, ആഴ്ചവട്ടം, കോഴിക്കോട്, 2006.
2. .......................വയനാട്ടിലെ ആദിവാസികൾ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം 2020.
3. ഇന്ദുമേനോൻ, ട്രാൻസെൻഡെൻസ് ഓഫ് മിത്ത് റ്റ ദി സോഷ്യൽ ലൈഫ് ഒഫ് ട്രൈബൽ കമ്മ്യൂണിറ്റീസ്, തീസീസ്,കണ്ണൂർ യൂണിവേഴ്സിറ്റി, 2017.
4. ഗോപാലൻ നായർ സി., മലബാർ സീരീസ്.
5. ചാക്കോ ഡി. കന്നോട്ടുമുടി, കുറിച്യരുടെലോകം, എഡി.-3, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2013.
6. ചന്ദ്രമോഹൻ ആർ.എസ്., വയനാട്ടിലെ ആദിവാസിപ്പാട്ടുകൾ,മാതൃഭൂമിബുക്ക്സ്, കോഴിക്കോട്, 2013 .
7. പങ്കജാക്ഷൻ എം. ആർ., കേരള ഭാഷാഗാനങ്ങൾ, എഡി-2, കേരളസാഹിത്യഅക്കാദമി, തൃശ്ശൂർ,2005.
8. ബേബി കെ,ജെ., മാവേലിമന്റം.
9. പാന്തൂർ കെ. കേരളത്തിലെ അമേരിക്ക
10. ..........കേരളത്തിലെ ആഫ്രിക്ക
11. മാധവൻനായർ, ടി., എൻസൈക്ളോപീഡിയ ഓഫ് ദ്രവിഡിയൻ ലിംഗ്വിസ്റ്റിക്ക്സ്, ഐഎസ്ഡിഎൽ, തിരുവനന്തപുരം,1996.
12. രമേഷ് എം.ആർ., തോട, ഒലിവ് പബ്ലിക്കേഷൻ, കോഴിക്കോട്,2012.
13. സോമശേഖരൻ നായർ, പി., തച്ചനാടർ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2015.
14. ............................, പണിയഭാഷ, നാഷണൽബുക്ക്സ്റ്റാൾ, തിരുവനന്തപുരം,1977 .
15. Edgar Thurston, Castes & Tribes of South Inida, LP, New Delhi, 2010 .
16. Joni O.K., Wayanad Rekhakal, Mathrubhumi books. 1/1
17. Panikkar K.N., Against Lord & State, Oxford, New Delhi, 1992.
18. Raghava Varier M.R.Dr., Keynote Address, National Seminar at NMSM Govt. College, Kalpetta, on Oral traditions of Wayanad, 09.01.2017.
19. Menon, Indu V , Gaddika: Ritual and Reality in the Culture of Adiya Tribe , Proceedings of International Conference on Studies in Humanities and Social Sciences (ICSHSS'15 ) July 29-30, 2015 Phuket.
20. Santhosh, Rachel Mapping of an Ethnohistory of the Paniyan: Some Preliminary Reflections, Indian Anthropologist Vol. 38, No. 1 Jan-June 2008.
21. William Logan, Malabar Manual II, Thiruvananthapuram, 2000, p. cccxxiii.

*induvmenon@gmail.com*